കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എടരിക്കോട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറംe-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട് സഹിതം)

നം.കെ.എസ്.എ.എം.പി.എം.14/2414/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി. 07/12/2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

എടരിക്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടരിക്കോട് ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

***************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി http://aims.ksad.kerala.gov.in/esubmission അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
4)കാര്യാലയ പകർപ്പ്.

എബികെ

കെ.എസ്.എ.എം.പി.എം.14/2414/18 തിയ്യതി: 07/12/2018

<u>മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.06.2017 മുതൽ 24.09.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-------------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ഷാജഹാൻ.എ.എസ് , ഡെപ്യൂട്ടി ഡയറക്ടർ

-------------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം :25.09.2018 മുതൽ 06.10.2018 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.ഉണ്ണി പി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീമതി. സൽമത്ത്.ടി.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ജിഷ കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.മുഹമ്മദ് ഫാസിൽ ടി ടി | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.ആബിദ തൈക്കാടൻ | 01.04.2017 മുതൽ 08.08.2017 വരെ |
| ശ്രീ. വി.ടി സുബൈർ തങ്ങൾ (ഇൻ ചാർജ്) | 09.08.2017 മുതൽ 29.08.2017 വരെ |
| ശ്രീമതി.ഷൈബ മണമ്മൽ | 30.08.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.കോയ വെള്ളക്കത്തൊടി | 01.04.2017 മുതൽ 02.05.2017 FN വരെ |
| ശ്രീ. ബിനു കുമാർ വി (സെക്രട്ടറിയുടെ ചുമതല) | 02.05.2017 AN മുതൽ 03.05.2017 FN വരെ |

| | |
|---|---|
| ശ്രീ.ഭാസുര ദാസ് ജി.വി | 03.05.2017 FN മുതൽ 31.05.2017 FN വരെ |
| ശ്രീ.ബിനു കുമാർ വി (സെക്രട്ടറിയുടെ ചുമതല) | 31.05.2017 AN മുതൽ 16.06.2017 വരെ |
| ഒഴിവ് | 17.06.2017 മുതൽ 18.06.2017 വരെ |
| ശ്രീമതി.ഷീല എൽ | 19.06.2017 മുതൽ 11.07.2017 FN വരെ |
| ശ്രീ.ഷാജി പി.എം | 11.07.2017 AN മുതൽ 05.08.2017 FN വരെ |
| ശ്രീമതി. മിനി കെ കെ | 05.08.2017 AN മുതൽ 08.01.2018 FN വരെ |
| ശ്രീ.അബ്ദുന്നാസർ | 08.01.2018 AN മുതൽ 31.03.2018 വരെ |

മറ്റ് നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ബിനു കുമാർ വി | 01.04.2017 മുതൽ 16.06.2017 വരെ |
| | ശ്രീമതി. രാജേശ്വരി ടി | 17.06.2017 മുതൽ 17.09.2017 വരെ |
| | ശ്രീമതി. മിനി കെ.കെ | 18.09.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി. ജുമൈലത്ത് | 01.04.2017 മുതൽ 05.07.2017 വരെ |
| | ശ്രീമതി. നമിത ടി.ജി | 06.07.2017 മുതൽ 10.07.2017 വരെ |
| | ശ്രീമതി. ജെറീന | 11.07.2017 മുതൽ 11.09.2017 വരെ |

| | | |
|---|---|---|
| | | |
| | ഒഴിവ് | 12.09.2017 |
| | ശ്രീ. അനിൽകുമാർ | 13.09.2017 മുതൽ 30.10.2017 വരെ |
| | ശ്രീമതി. സുമിത | 31.10.2017 മുതൽ 07.11.2017 FN വരെ |
| | ശ്രീമതി. മാക്സ്‌വെൽ | 07.11.2017 AN മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. സക്കീർ ഹുസൈൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ. രഞ്ജിത്ത് | 01.04.2017 മുതൽ 03.10.2017 വരെ |
| | ഒഴിവ് | 04.10.2017 മുതൽ 12.11.2017 വരെ |
| | ഡോ. ഷംന | 13.11.2017 മുതൽ 19.02.2018 FN വരെ |
| | ഡോ. അബ്ദുൽനാസർ | 19.02.2018 AN മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| | | |
| ഹെഡ് മാസ്റ്റർ | ശ്രീ. റോയ് മാത്യൂ | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ലുബ്ന ടി | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. അജിതൻ | 01.04.2017 മുതൽ 01.08.2017 വരെ |
| | ശ്രീമതി. പ്രീത എം.ഡി | 02.08.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ. അനോജ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഉമാ വേണുഗോപാൽ | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| ഭാഗം II<br>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | ബജറ്റ് രൂപീകരണത്തിലെ പോരായ്മകൾ | 2-1 |
| 14 | പിരിവിലെ അപാകതകളും മേൽനോട്ട ചുമതല വഹിക്കുന്നതിലെ വീഴ്ചകളും | 2-2 |
| 15 | വസ്തു നികുതി കുടിശ്ശിക തുകയിൻമേൽ പിഴപ്പലിശ ഈടാക്കിയതിലെ അപാകതകളും പോസ്റ്റിംഗിലെ പൊരുത്തക്കേടുകളും | 2-3 |
| 16 | സഞ്ചയയിൽ ഡേറ്റ എൻട്രി അപാകത മൂലം പഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽ നഷ്ടമുണ്ടാകുന്നത് സംബന്ധിച്ച് | 2-4 |
| 17 | വസ്തു നികുതി കുറവായി നിർണ്ണയിച്ചു | 2-5 |
| 18 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 2-6 |
| 19 | ഡി ആന്റ് ഒ ലൈസൻസ് പിരിച്ചെടുക്കുന്നതിലെ അപാകതകൾ | 2-7 |
| ഭാഗം III<br>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 20 | വികസനപ്രവർത്തനങ്ങളുടെ മുൻഗണനയും സുതാര്യതയും ഉറപ്പുവരുത്താനുള്ള നിർദ്ദേശങ്ങൾ പാലിക്കാത്തത് | 3-1 |

| | | |
|---|---|---|
| 21 | എസ് സി മേഖലയിലെ പദ്ധതികൾ : രൂപീകരണത്തിലും നിർവ്വഹണത്തിലും അപാകതകൾ | 3-2 |
| 22 | ദേശീയ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ വീഴ്ചകൾ | 3-3 |
| 23 | ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം ചെയ്ത പ്രോജക്ടുകൾ - പൊതു അപാകതകൾ | 3-4 |
| 24 | മരുന്ന് വാങ്ങൽ - തുക മുൻകൂറായി നൽകി എങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 3-5 |
| 25 | തുല്യതാ പരീക്ഷ – ഗുണഭോക്തൃ ലിസ്റ്റിന് പഞ്ചായത്ത് ഭരണ സമിതി അംഗീകാരം നൽകുന്നില്ല | 3-6 |
| 26 | വിജയഭേരി - ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത ഇനത്തിൽ തുക ചെലവഴിച്ചു | 3-7 |
| 27 | പരിരക്ഷാ പദ്ധതി - മാർഗ നിർദ്ദേശം പാലിക്കപ്പെടുന്നില്ല | 3-8 |
| 28 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-9 |
| 29 | ശമ്പള പരിഷ്കരണ കുടിശ്ശിക പണമായി പിൻവലിച്ചു | 3-10 |
| 30 | വൗച്ചറുകളുടെ സൂക്ഷിപ്പിൽ അപാകത | 3-11 |
| 31 | ഒരേ ദിവസം ഒരേ സമയം ഒരേ വാഹനം ഉപയോഗിച്ചതിന് രണ്ട് തവണ വാഹന വാടക നൽകി | 3-12 |
| ഭാഗം IV<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 39 | ചാർജ്,സർചാർജ് നടപടികളുടെ വിവരം | 4-8 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധങ്ങൾ | |
| 42 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം -1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 31.03.2017 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി (ഇ-സബ്മിഷൻ) | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 05.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2017-18 | 11.06.2018 മുതൽ 12.06.2018 വരെ | കെ.എസ്.എ.എം.പി.എം.14/1089/2017 തിയതി 04.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 96,04,597 |
| വരവ് | 4,82,74,739 |
| ആകെ | 5,78,79,336 |
| ചെലവ് | 4,71,20,738 |
| നീക്കിയിരുപ്പ് | 1,07,58,598 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം (ACR പ്രകാരം) | 0 | 1,10,98,000 | 1,10,98,000 | 96,39,766 | 14,58,234 | 86.86 % |
| വികസനഫണ്ട് – എസ്.സി.പി (ACR പ്രകാരം) | 0 | 23,22,580 | 23,22,580 | 15,07,567 | 8,15,013 | 64.90% |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് – ടി.എസ്.പി | | അലോട്ട്മെന്റ് ഇല്ല | | | | | |
| സംരക്ഷണ ഗ്രാന്റ് – റോഡ് (ACR പ്രകാരം) | | 0 | 97,04,000 | 97,04,000 | 58,02,512 | 39,01,488 | 67.23 % |
| സംരക്ഷണ ഗ്രാന്റ് - നോൺറോഡ് (ACR പ്രകാരം) | | 0 | 28,68,000 | 28,68,000 | 16,27,476 | 12,40,524 | 56.74% |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 52,12,281 | 52,12,281 | 40,95,845 | 11,16,436 | 78.58% |
| കെ.എൽ.എസ്.ജി.ഡി.പി ലോക ബാങ്ക് ധനസഹായം (ACR പ്രകാരം) | കേന്ദ്ര വിഹിതം | 0 | 8,87,841 | 8,87,841 | 8,87,841 | 0 | 100% |
| | സംസ്ഥാന വിഹിതം | 0 | 6,91,714 | 6,91,714 | 5,73,270 | 1,18,444 | 82.87 % |
| സാക്ഷരത | | 664 | 0 | 0 | 0 | 664 | 0% |
| ദുരിതാശ്വാസ നിധി | | രൂപീകരിച്ചിട്ടില്ല | | | | | |
| എൻ. ആർ. ഇ. ജി.എസ്. | തൊഴിലാളികളുടെ കൂലി | 0 | 19,85,817* | 19,85,817 | 19,85,817 | 0 | 100% |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 8,959 | 4,49,596 | 4,58,555 | 1,85,838 | 2,72,717 | 40.53 % |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | Total Sanitation Campaign (TSC) | 223,238 | 67,360 | 290,598 | 0 | 290,598 | 0 % |
| | Sarva Siksha Abhiyan (SSA) | 2,09,507 | 8,030 | 2,17,537 | 0 | 2,17,537 | 0 % |
| | Integrated Child Development Schemd (ICDS) | 1,24,348 | 1,65,925 | 2,90,273 | 1,65,925 | 1,24,348 | 57.16% |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ- ജലനിധി | | 2,33,611 | 8,846 | 2,42,457 | 0 | 2,42,457 | 0% |
| ജോയന്റ് വെഞ്ചർ അക്കൗണ്ട് | | 0 | 10,65,000 | 10,65,000 | 8,72,236 | 1,92,764 | - |
| ബി. ഫണ്ട് | | 0 | 2,80,49,700 | 2,80,49,700 | 2,80,49,700 | 0 | 100% |
| ജനറൽ പർപ്പസ് ഗ്രാന്റ് (ACR പ്രകാരം) | | 0 | 86,28,000 | 86,28,000 | 29,25,839 | 57,02,161 | 33.91% |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് (എടരിക്കോട് സർവീസ് കോപ്പറേറ്റീവ് ബാങ്ക്) | 45,43,895 | 1,15,25,752 | 1,60,69,647 | 73,47,299 | 87,22,348 | 45.72% |
| | ട്രഷറി അക്കൗണ്ട് | 39,10,731 | 94,73,013 | 1,33,83,744 | 1,24,17,189*** (67,07,159 Redemption) | 9,66,555 | 42.66% |
| | E-payment (State Bank) | 5,000 | 11,753 | 16753 | 0 | 16753 | 0 % |
| മറ്റിനം – സ്റ്റേറ്റ് ബാങ്ക് Sand | | 6,92,230 | 0 | 6,92,230 | 317,827 | 3,74,403 | 45.91 % |

<u>കുറിപ്പ്</u>

* – തൊഴിലാളികളുടെ കൂലി എൻ. ആർ. ഇ. ജി.എസ്. സെക്ഷനിൽ നിന്ന് ലഭ്യമാക്കിയ കണക്കുകളാണ് എടുത്തിട്ടുള്ളത്.

** - ജോയന്റ് വെഞ്ചർ അക്കൗണ്ട് നീക്കിയിരിപ്പ് RP-40(b) പ്രകാരം (–54,836) ആണ്. 29.03.2018 ന് ട്രഷറി വെഞ്ചർ അക്കൗണ്ടിലെ തുക സർക്കാർ തിരിച്ചെടുത്തതിനാലണ് വ്യത്യാസത്തിന് കാരണം.

*** – ട്രഷറി ടി എസ്.ബി അക്കൗണ്ടിലെ ആകെ ചെലവ് തുകയിൽ (1,24,17,189) 67,07,159 രൂപ 29.03.2018 ന് സർക്കാർ പിൻവലിച്ചതാണ്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | പൂർണമായും നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 185 | 5,91,15,630 | 51 | 3,08,76,372 | 52 | 82 | 27.56 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8959 | 4,49,596 | 4,58,555 | 1,85,838 | 272717 |
| ഗുണഭോക്താക്കൾക്ക് നേരിട്ട നൽകുന്നത് | 0 | 19,85,817 | 19,85,817 | 19,85,817 | 0 |
| ആകെ | 8959 | 24,35,413 | 24,44,372 | 21,71,655 | 272717 |

കുറിപ്പ് : തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഭരണ ചെലവുകളും ഗുണഭോക്താക്കൾക്ക് നേരിട്ട നൽകിയ തുകകളും എൻ ആർ ഇ ജി എസ്. സെക്ഷനിൽ നിന്ന് ലഭ്യമാക്കിയ കണക്കുകളാണ്. 2017-18 ലെ കൂലി ഗുണഭോക്താക്കൾക്ക് നേരിട്ട നൽകിയ തുകയും 2016-17 ലെ ശേഷിച്ച കൂലിയും ഉൾപ്പെടെയുള്ള 19,85,817 രൂപയിൽ Skilled laboures ന് നൽകിയ തുകയും (19,79,257) Semi Skilled laboures ന് നൽകിയ തുകയും (6560) ഉൾപ്പെടെയാണ്. ഭരണ ചെലവുകളിൽ തൻവർഷം ഹോണറേറിയം ഇനത്തിൽ നൽകിയ തുകകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം<br>Unemployment Allowance Scheme | 6,600 | 11 |
| കർഷകതൊഴിലാളി പെൻഷൻ<br>Pension for Agricultural Workers | 1,470,300 | 125 |
| വിധവാപെൻഷൻ<br>Destitute /Widow Pension | 10,962,400 | 871 |
| വാർദ്ധക്യകാലപെൻഷൻ<br>National Old Age Pension | 1,17,49,100 | 834 |
| വികലാംഗപെൻഷൻ<br>Pension for Physically Challenged/Mentally Challenged | 3,440,700 | 277 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ<br>Pension for Unmarried women aged above 50 | 209,600 | 17 |
| വിവാഹ ധനസഹായം<br>Financial Help for Widow's Daughters Marriage | 180,000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.09.2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. നീക്കിയിരിപ്പ് തുക

ബാങ്കിലടവാക്കിയതിനാൽ ബാലൻസ് ഒന്നും തന്നെ അവശേഷിക്കുന്നില്ല

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ താഴെ കൊടുക്കുന്നു.

1. ഔട്ട്ഡോർ രസീതി പ്രകാരം പിരിച്ചെടുക്കുന്ന വസ്തു നികുതി ഓൺലൈൻ പ്ലാറ്റ്ഫോമായ സഞ്ചയ സോഫ്റ്റ്‌വെയറിൽ പോസ്റ്റ് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്.
2. വാർഷിക ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപരമായ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുകയും നികുതി സ്രോതസ്സ് വികസിപ്പിക്കുന്നതിൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നില്ല.
3. ദേശിയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികളുടെ മൂല്യനിർണ്ണയ രേഖ തയ്യാറാക്കുന്നതിൽ മേൽനോട്ടം ഉണ്ടായിട്ടില്ല.
4. തനത് ഫണ്ട് ചെലവിന് ആസ്പദമായ അനുബന്ധ രേഖകൾ മുഴുവനുമില്ലാതെ തുക അനുവദിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.09.2018 | 01.08.2018 മുതൽ 31.08.2018 വരെ | 22.09.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.12.2009 മുതൽ 15.12.2009 വരെ | 2004-05 മുതൽ 2008-09 വരെ | 15.01.2010 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ.

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകളിൽ പരിഹരിക്കാൻ ശേഷിക്കുന്നവ.

1. വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (Ratios) , പ്രാധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല

2. 2017-18 ബാലൻസ് ഷീറ്റിലെ B-1 ഷെഡ്യൂളിൽ Excess of income over expenditure എന്ന ലെഡ്ജറിലെ മുന്നിരിപ്പ് 1,33,33,401 രൂപയാണ് എന്നാൽ 2016-17 AFS ലെ ബാലൻസ് ഷീറ്റ് B-1 ഷെഡ്യൂളിൽ (Excess of income over expenditure) നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത് 1,33,41,779 രൂപയാണ്. വ്യത്യാസം 8378 രൂപ

3. താഴെ പറയുന്ന അക്കൗണ്ടുകൾ ദീർഘനാളുകളായി ഇടപാടുകൾ നടക്കുന്നില്ല. ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്ര.ന | ബാങ്ക് അക്കൗണ്ട് | നീക്കിയിരിപ്പ് (വാർഷിക ധനകാര്യ പത്രിക പ്രകാരം) | അവസാന ഇടപാട് നടന്നത് |
|---|---|---|---|
| 1 | എസ്.എസ്.എ – ബാങ്ക് ഓഫ് ഇന്ത്യ (A/c No -855910110000127) | 217537 | 13.08.2014 |
| 2 | സാക്ഷരത -ഇ.എസ്.സി.ബി (A/c No -4287) | 664 | 13.10.2004 |
| 3 | ജലനിധി (A/c No -4297000100035593) | 242457 | 13.04.2010 |

4. തൊഴിൽ നികുതി (ജീവനക്കാരുടേത്) ഇനത്തിലുള്ള വരവ് തുക ഒഴികെയുള്ള വരവ് ഇനങ്ങളുടെ ഡിമാന്റ് /

കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല

5. AFS പ്രകാരം തൊഴിൽ നികുതി (ട്രേഡേഴ്സ്) ഡിമാന്റ് 563900 രൂപ, രസീറ്റ് ആന്റ് പെയ്മെന്റ് പത്രിക പ്രകാരം ടി ഇനത്തിൽ വരവ് ഇല്ല, എന്നാൽ ബാലൻസ് ഷീറ്റിൽ ഈ ഇനത്തിൽ കുടിശ്ശിക ഇല്ല

6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

7. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ച വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.
8. പാർട്ട് ബിൽ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

9. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഭരണ ചെലവുകളും ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുകകളും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

എൻ ആർ ഇ ജി എസ്. സെക്ഷനിൽ നിന്ന് ലഭ്യമാക്കിയ കണക്കുകൾ

| ഇനം | വരവ് | ആകെ | ചെലവ് | റിമാർക്സ് |
|---|---|---|---|---|
| ഭരണചെലവുകൾ (ഹോണറേറിയം) | 3,33,283 | 3,33,283 | 3,33,283 | തനത് ഫണ്ടിൽ നിന്ന് നൽകിയത് ഉൾപ്പെടെ |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക | 19,85,817 | 19,85,817 | 19,85,817 | സ്കിൽഡ്(19,79,257), സെമി സ്കിൽഡ്(6,560) ലേബർ ഉൾപ്പടെ |
| ആകെ | 23,19,100 | 23,19,100 | 23,19,100 | |

AFS ൽ ഉൾപ്പെടുത്തിയ തുകകൾ

| ഇനം | AFS ലെ തുക | യഥാർത്ഥത്തിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന തുക | വ്യത്യാസം |
|---|---|---|---|
| Income and Expenditure<br>Schedule: I-6 Revenure Grants,<br>Contributions & Subsidies (Code No 160)<br>National Rural Employment Guarantee Act Scheme (NREGA) | 18,31,812 | 23,19,100 | 487288 |
| ncome and Expenditure<br>Schedule: I-14(a) Decentralised plan programme – Service Sector (Code No 251)<br>Total Proverty Alleviation Programes – General | 18,31,812 | 23,19,100 | 487288 |

Receipt & Payment പ്രകാരം ഭരണചെലവ് : മുന്നിരിപ്പ്: 8959, വരവ്:449596, ചെലവ്: 185838, നീക്കിയിരിപ്പ്: 272717.
AFS ൽ യഥാർത്ഥ ചെലവുകളല്ല ഉൾപ്പെടുത്തിയിരിക്കുന്നത്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണത്തിലെ പോരായ്മകൾ

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 ൽ വാർഷിക ബജറ്റ് തയ്യാറാക്കലും അതിന്റെ അനുമതി നൽകുന്നതിനെ സംബന്ധിച്ചും സെക്ഷൻ 175ൽ വികസന പദ്ധതി തയ്യാറാക്കലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. ബജറ്റ് തയ്യാറാക്കലുമായി ബന്ധപ്പെട്ട് അടുത്ത വർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റ് നർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഓരോ വർഷവും ജനുവരി 15ാം തിയതിക്കു മുമ്പായി സമർപ്പിക്കപ്പെടുന്ന ഇത്തരം നിർദ്ദേശങ്ങളും നിയമത്തിലെ എല്ലാ ആവശ്യങ്ങളും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പഞ്ചായത്തിന്റെ അടുത്തവർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കി മാർച്ച് മാസം കഴിയുന്നതിന് മുമ്പായി ഭരണ സമിതിയുടെ പ്രത്യേകം വിളിച്ച് ചേർത്ത യോഗത്തിൽ അംഗീകാരത്തിനായി

വ്യെക്താനം നിയമത്തിൽ നിർദ്ദേശിക്കുന്നുണ്ട്. ഓരോ സാമ്പത്തിക വർഷത്തേക്കും വേണ്ടി അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. ബജറ്റ് അംഗീകരിക്കുന്നതിനുമുമ്പായി വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ചില്ലായെങ്കിൽ വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തി പുതുക്കിയ ബജറ്റ് തയ്യാറാക്കി അംഗീകരിക്കാനും നിർദ്ദേശമുള്ളതാണ്.

എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് രൂപീകരണത്തിലും നടപടിക്രമത്തിലുമുണ്ടായ വീഴ്ചകൾ ചുവടെ ചേർക്കുന്നു.

1. ഉദ്യോഗസ്ഥരുടെ / ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കുന്നില്ല

ബജറ്റ് രൂപീകരണത്തിന്റെ പ്രാരംഭ നടപടിയായി സെക്രട്ടറി ഉദ്യോഗസ്ഥരുടെ/ ഘടക സ്ഥാപന മേധാവികളുടെ യോഗം ഡിസംബർ 15 ന് മുമ്പ് വിളിച്ചു ചേർക്കേണ്ടതും സ്ഥാപനങ്ങളുടെ പദ്ധതിയേതര ചെലവുകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കുവാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും വേണം. നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഘടകസ്ഥാപനമേധാവികൾക്ക് ഒരു മാസത്തെ സമയം നൽകണം. ബഡ്ജറ്റ് മാന്വലിലെ അനുബന്ധം 1&2 ൽ പറഞ്ഞിരിക്കുന്ന ഫോർമാറ്റിൽ വരവ് ചെലവ് നിർദ്ദേശങ്ങൾ ജനുവരി 15 ന് മുമ്പ് ഘടകസ്ഥാപനമേധാവികൾ സമർപ്പിക്കണം. ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ സെക്രട്ടറി അനുബന്ധം 3 &4 ൽ പറഞ്ഞിരിക്കുന്ന ഫോർമാററിലും സമർപ്പിക്കണം. സെക്രട്ടറി മേൽ നിർദ്ദേശങ്ങൾ തരംതിരിച്ച് അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഫെബ്രുവരി 1 ന് മുമ്പായി കൈമാറണം. സ്റ്റാന്റിംഗ് കമ്മിറ്റികൾ മേൽ നിർദ്ദേശങ്ങൾ അനുബന്ധം 5.1,5.2 എന്നീ ഫോർമാറ്റുകളിൽ ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കൈമാറുകയും ലഭ്യമാക്കിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അന്തിമ പദ്ധതിയേതരനിർദ്ദേശങ്ങൾ തയ്യാറാക്കുകയും വേണം.

2017-18 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും മറ്റ് സ്ഥിരം സമിതികളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിക്കുന്നത് 2017 ഫെബ്രുവരി 8നാണ്. മിനിട്സുകൾ പരിശോധിച്ചതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ ഘടകസ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർക്കുകയോ സെക്രട്ടറിയും ഘടകസ്ഥാപന മേധാവികളും നോൺ പ്ലാൻ നിർദ്ദേശങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് കൈമാറുകയോ ചെയ്തത് രേഖപ്പെടുത്തിയിട്ടില്ല. വികസനകാര്യ, ക്ഷേമകാര്യ,വിദ്യാഭ്യാസ-ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാത് മേഖലകളിലെ വിഷയങ്ങളുമായി ബന്ധപ്പെട്ട സ്ഥാപന മേധാവികളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് വാർഷിക ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയെ സഹായിക്കുകയെന്ന നിയമപരമായ ഉത്തരാവാദിത്വം നിറവേറ്റിയിട്ടില്ലായെന്ന് കാണുന്നു. വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തി പുതുക്കിയ ബജറ്റ് തയ്യാറാക്കി അംഗീകരം വാങ്ങാനുള്ള നിർദ്ദേശവും പാലിച്ചിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 30.03.2017 ലെ യോഗത്തിലാണ് 2017-18 ലെ വാർഷിക ബജറ്റ് അംഗീകരിച്ച് പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കാൻ തീരുമാനിച്ചത്. എന്നാൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ അതാത് മേഖലകളിൽ നിന്നും നിർദ്ദേശങ്ങൾ അംഗീകരിച്ച് സമർപ്പിച്ചത് സംബന്ധിച്ച് യാതൊരു പരാമർശവും മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിവിധ ഘടകസ്ഥാപന മേധാവികളിൽ നിന്നുമുള്ള നിയമപരമായി സ്വീകരിക്കേണ്ട നോൺ പ്ലാൻ ബജറ്റ് നിർദ്ദേശങ്ങളും അതിൻമേൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികളുടെ പരിശോധനയും ശുപാർശയില്ലാതെയുമാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വാർഷിക ബജറ്റ് അംഗീകരിച്ചത്.

2-ബജറ്റിൽ പ്രൊവിഷനില്ലാതെ തുക ചെലവഴിച്ചു.

വാർഷിക ബജറ്റും തൻവർഷത്തെ അക്കൗണ്ട്സും പരിശോധിച്ചതിൽ ഏതാനും ഇനങ്ങളിലെ തനത് വരുമാനം കണക്കാക്കിയതും യഥാർത്ഥത്തിൽ ലഭ്യമായതും തമ്മിൽ കാര്യമായ വ്യത്യാസം വന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. വേണ്ടത്ര മുന്നൊരുക്കവും കൂടിയാലോചനകളും കൂടാതെ തയ്യാറാക്കിയത് കാരണം ബജറ്റിൽ പ്രൊവിഷനില്ലാതെ തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

1.വരുമാനത്തിലെ വ്യത്യാസം

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചത് (രൂപ) | വാർഷിക കണക്ക് പ്രകാരം ലഭ്യമായത് (രൂപ) | വ്യത്യാസം |
|---|---|---|---|
| നികുതി വരുമാനം | 59,00,000 | 97,73,119 | 38,73,119 |

| | | | |
|---|---|---|---|
| ടെൻഡർ ഫോറം വില | 2000 | 155,716 | 153,716 |
| ബാങ്ക് പലിശ | 125000 | 299934 | 174,934 |

2.ബജറ്റ്പ്രൊവിഷനില്ലാതെ തുക ചെലവഴിച്ചത്

| ക്രമനമ്പർ | ചെലവിനം ഹെഡ് | ഇന വിവരം | തുക ചെലവഴിച്ചത് |
|---|---|---|---|
| 1 | 2501003 | മറ്റ് കാർഷികവികസന പരിപാടികൾ | 25000 |
| 2 | 2512004 | മരുന്നുകൾ | 300000 |
| 3 | 2512008 | കുടിവെള്ളം | 398650 |
| 4 | 2512009 | ശുചിത്വം | 9590 |
| 5 | 2513014 | നിർമ്മാണം,പർചേസ് | 160000 |
| 6 | 2601001 | മറ്റ് സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് | 30000 |
| 7 | 2602001 | സംഭാവന | 25000 |
| 8 | 4103003 | കലുങ്കുകളും പാലങ്ങളും അനുബന്ധ നിർമ്മിതികളും | 1186703 |
| 9 | 2501002 | Agriculture and Related Sectors - Other crops | 20,06,860 |
| 10 | 2501039 | Animal Husbandry -Infrastructure | 98,000 |

ബജറ്റ് നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ ബജറ്റിൽ നിർദ്ദേശിച്ച തുകയിൽ അധികരിച്ചും ബജറ്റിൽ നിർദ്ദേശിക്കാത്ത ഇനത്തിനും തുക ചെലവഴിച്ചിട്ടുണ്ട്.

3- നോൺ പ്ലാൻ & പ്ലാൻ ചെലവുകൾ

| ക്രമ നം. | ഹെഡ് കോഡ് | ഇനം | ബജറ്റ് പ്രകാരം വകയിരുത്തിയ തുക | ഇൻകം&എക്സ്പെന്റിച്ചർ പ്രകാരമുള്ള ചെലവ് |
|---|---|---|---|---|
| 1 | 2101001 | Salaries | 8,00,000 | 54,16,135 |
| 2 | 210500101 | EPF contribution | 0 | 52,296 |
| 3 | 2201001 | Rent | 4,000 | 15,250 |
| 4 | 2202101 | Printing & Stationery | 75,000 | 2,15,145 |
| 5 | 2205101 | Legal Expenses | 25,000 | 30,000 |
| 6 | 2208001 | Miscellaneous Administrative Expenses | 1,60,000 | 168183 |
| 7 | 2301001 | Power | 3,00,000 | 334,183 |
| 8 | 2305009 | Repairs & Maintenance | 30,000 | 59234 |
| 9 | 2407001 | Bank Charges | 1,500 | 3,282 |
| 10 | 2501001 | Agriculture and Related Sectors - | 10,00,000 | 12,11,200 |

| | | | | |
|---|---|---|---|---|
| | | Paddy | | |

ബജറ്റിൽ നിന്നുള്ള വ്യതിയാനം പരിശോധിക്കുന്നതിനായി monthly progress report, Annual review progress report എന്നിവ തയ്യാറാക്കിയിട്ടില്ല. നിർദ്ദേശിക്കപ്പെടുന്ന ഓരോ തുകയ്ക്കുമുള്ള ചെലവുകൾ ബജറ്റ് വകയിരുത്തലിന് അനുസരണമാണോ എന്ന് പ്രമാണീകരിക്കുകയും മതിയായ ഫണ്ട് ലഭ്യത, പ്രസ്തുത ചെലവുകൾക്ക് ഉണ്ടോ എന്നും ഉറപ്പ് വരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത ചുമതല നിർവഹിക്കുന്നതിൽ വീഴ്ച വരുത്തി. ചെലവുകൾ ബജറ്റ് വകയിരുത്തലിന് അനുസൃതമാണ് എന്നുറപ്പ് വരുത്തുന്നതിലും ആവശ്യമായ സന്ദർഭങ്ങളിൽ ബജറ്റ് റീ അപ്രോപ്രിയേഷൻ നടത്തുന്നതിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ പുലർത്തിയിട്ടില്ല.

3. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഇടപെടൽ വിരളം

ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ചർച്ച ചെയ്യേണ്ടതും വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ബജറ്റ് നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ (വികസനം, ക്ഷേമം, ആരോഗ്യം-വിദ്യഭ്യാസം) പരിശോധിക്കപ്പെടുകയോ ചർച്ചചെയ്യപ്പെടുകയോ ഉണ്ടായിട്ടില്ല. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് ബജറ്റ്. എന്നാൽ ബജറ്റ് രൂപീകരണത്തിൽ വിശദമായ ചർച്ചയോ നിർവ്വഹണ ഉദ്യോഗസ്ഥർ ലഭ്യമാക്കിയ എസ്റ്റിമേറ്റുകളുടെ പരിശോധനയോ നടന്നിട്ടില്ല.

4. പുതിയ നികുതി നിർദ്ദേശങ്ങൾ ഉണ്ടാകുന്നില്ല

പുതിയ നികുതി നിർദ്ദേശങ്ങളോ അത്തരത്തിലുള്ള ചർച്ചകളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായില്ല. ഗ്രാമപഞ്ചായത്തിന്റെ വരുമാന വർദ്ധനവിലുപരി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പാക്കാൻ ഉതകുന്ന സേവന ഉപനികുതി ചുമത്തൽ മുതലായ നിർദ്ദേശങ്ങൾ, കാര്യക്ഷമമായ ഇടപെടലുകൾ എന്നിവ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതാണ്. പഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിലും അക്കൗണ്ടിങ്ങ് ചട്ടങ്ങളുടെ പരിപാലനത്തിലും കമ്മറ്റി സത്വര ശ്രദ്ധ ചെലുത്തേണ്ടതാണ്. രേഖകളുടേയും രജിസ്റ്ററുകളുടേയും കൃത്യമായ സൂക്ഷിപ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റിൽ മുൻ വർഷത്തേതിൽ നിന്നും അധികരിച്ച പുതിയ വരുമാന സ്രോതസ്സുകൾ ഒന്നും തന്നെ ഉൾപ്പെടുന്നില്ല. മുൻവർഷത്തെ അപേക്ഷിച്ച് ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിരിക്കുന്നു. നഗരവൽക്കരണ സാധ്യതയുള്ള മേഖലയായതിനാൽ പരസ്യ നികുതി പോലുള്ളവ നടപ്പാക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്. ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്ക്, എന്നീ സേവനങ്ങൾ നൽകുന്നതിന്ന് പഞ്ചായത്തിന് യഥാക്രമം 81,100/- രൂപ , 9378/- രൂപ , 3,34,183/- രൂപ എന്നിങ്ങനെ ആകെ 4,24,661 രൂപയുടെ ചെലവ് വരുന്നുണ്ട്. എന്നാൽ സേവന ഉപ നികുതി ഉൾപ്പെടെയുള്ള വരുമാന മാർഗ്ഗങ്ങൾ ആവിഷ്കരിക്കരിച്ചിട്ടില്ല. തനത് വിഭവ സമാഹരണത്തിലേക്ക് സേവന ഉപനികുതി പോലുള്ള വരവിനങ്ങൾ പരിഗണിക്കാവുന്നതാണ്. കച്ചവടക്കാരുടെ വാർഡ് തിരിച്ചുള്ള പട്ടിക തയ്യാറാക്കുകയും മുഴുവൻ കച്ചവടക്കാരും ലൈസൻസ് എടുത്തുവെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചാൽ ഈയിനത്തിലും വരുമാന വർദ്ധനവ് നേടുവാൻ കഴിയും. നിലവിൽ 16 വാർഡുകളിലായി 399 കച്ചവടക്കാർ മാത്രമാണ് ലൈസൻസ് വലയത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. തൊഴിൽ നികുതിയിനത്തിലും ബജറ്റ് ലക്ഷ്യമിട്ടതിനെക്കാൾ കൂടുതലാണ് യഥാർത്ഥ ഡിമാന്റ്. ഡി ആന്റ് ഒ ലൈസൻസ് ഫീസ് പിരിവ് കാര്യക്ഷമമാക്കുന്നതോടൊപ്പം ബിസിനസ് സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിലൂടെ തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

5. ഡിമാന്റ് തുകകൾക്ക് ബജറ്റിൽ നിന്നുള്ള വ്യതിയാനം

ഗ്രാമ പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീസ്, കെട്ടിട നിർമ്മാണ ലൈസൻസ് ഫീസ് എന്നിവയിൽ വാർഷിക കണക്കുകൾ പ്രകാരമുള്ള ഡിമാന്റ് തുകകൾ ബജറ്റ് തുകയിൽ നിന്നും താഴെ വിവരിച്ച പ്രകാരം വലിയ അന്തരം കാണിക്കുന്നു. ബജറ്റ് രൂപീകരണ ഘട്ടത്തിൽ യഥാർത്ഥ വരുമാന സാധ്യത തിട്ടപ്പെടുത്തുന്നതിൽ പരാജയപ്പെടുന്നതായി കാണാം. മുൻവർഷ ഡിമാന്റ് തുക, മുൻവർഷ ബജറ്റ് എന്നിവയിൽ നിശ്ചിത ശതമാനം വർദ്ധന വരുത്തി പ്രതീക്ഷിത വരുമാനം കണക്കാക്കുകയും യഥാർത്ഥ ലഭ്യത വിലയിരുത്താത്തതിനാലുമാണ് ബജറ്റിൽ നിന്നും ഇത്തരത്തിലുള്ള വ്യതിയാനം കാണിക്കുന്നത്.

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിക്കുന്നത് | യഥാർത്ഥ വരവ് | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| വസ്തു നികുതി | 32,00,000 | 53,51,779 | (+) 21,51,779 |
| തൊഴിൽ നികുതി | 23,00,000 | 26,05,000 | (+) 3,05,000 |
| ഡി & ഒ ലൈസൻസ് | 1,25,000 | 181,925 | (+) 56925 |
| കെട്ടിട നിർമ്മാണ പെർമിറ്റ് | 3,00,000 | 3,54,887 | (+) 54,887 |
| പരസ്യ നികുതി | 2,00,000 | 0 | - |
| വിനോദ നികുതി | 2,00,000 | 0 | - |

6-ബജറ്റ് രൂപീകരണം സമയക്രമം പാലിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ബജറ്റ് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്തിനുമുമ്പാകെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയിരിക്കുന്നത് 30.03.2017-നാണ്. കരട് ബജറ്റ് ഭരണസമിതിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിരിക്കുന്നത് 31.03.2017നാണ്. പാസാക്കിയ ബജറ്റ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടില്ല.

ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 91,82,677 | 96,04,597 | 4,21,920 | | 4.59 |
| വരവ് | 7,99,79,150 | 4,82,74,739 | | 3,17,04,411 | 39.64 |
| ആകെ | 8,91,61,827 | 5,78,79,336 | | 3,12,82,491 | 35.08 |
| ചെലവ് | 8,53,71,000 | 4,71,20,738 | | 3,82,50,262 | 44.80 |
| നീക്കിയിരിപ്പ് | 37,90,827 | 1,07,58,598 | 69,67,771 | | 183.80 |

ഗ്രാമപഞ്ചായത്തിന്റെ വരും വർഷത്തെ പ്രവർത്തനങ്ങളുടെ പ്രവർത്തന രേഖയായ വാർഷിക ബജറ്റിന്റെ രൂപീകരണത്തിലും നടപടിക്രമങ്ങളിലും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യമായ ഇടപെടലുകൾ ഉണ്ടാകുന്നില്ല. തദ്ദേശ സ്ഥാപനങ്ങളുടെ കാഴ്ചപ്പാടും ലക്ഷ്യവും സാക്ഷാത്ക്കരിക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങളും ഇടപെടലുകളും അനിവാര്യമാണ്. വാർഷിക ബജറ്റ് തയ്യാറാക്കലും അതിന്റെ അനുമതിയും സംബന്ധിച്ചുള്ള നിയമപരമായ നടപടിക്രമങ്ങൾ പാലിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ നിന്നും ആവശ്യമായ മുന്നൊരുക്കങ്ങളും മേൽനോട്ടവും കൃത്യമായ ഇടപെടലുമുണ്ടാവേണ്ടതാണ്.

## 2-2 പിരിവിലെ അപാകതകളും മേൽനോട്ട ചുമതല വഹിക്കുന്നതിലെ വീഴ്ചകളും

2011 ലെ കേരള പഞ്ചായത്തിരാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 83 പ്രകാരം ഓരോ രസീത് ബുക്കിലുള്ള പേജുകളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രം ഓരോ ബുക്കിലും രേഖപ്പെടുത്തി സെക്രട്ടറിയോ, അക്കൗണ്ടന്റോ ഇക്കാര്യത്തിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഒപ്പുവെക്കേണ്ടതാണ്. എന്നാൽ 2017-18 വർഷത്തെ ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററുകൾ,രശീത് ബുക്കുകൾ എന്നിവ പരിശോധിച്ചപ്പോൾ ദൈനംദിന പണപ്പിരിവ്,ഒടുക്ക് എന്നിവയുടെ മേൽനോട്ടം കൃത്യമായി നിർവ്വഹിക്കുന്നില്ലെന്ന് ബോധ്യപ്പെട്ടു. ഗ്രാമ പഞ്ചായത്തിലെ ദൈനംദിന പണപ്പിരിവ്, ഒടുക്ക് എന്നീ പ്രവർത്തനങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിന് നിലവിൽ സംവിധാനമില്ലാത്തതാണ് പ്രധാന പോരായ്മ. വിശദാംശങ്ങൾ താഴെ പറയുന്നു. (ഓഡിറ്റ് എൻക്വയറി നം. 1/01.10.2018).

1. സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് തയ്യാറാക്കിയിട്ടില്ല.

ബിൽ കളക്ടർമാരായ ശ്രീ. അജേഷ് ശ്രീ. ഹരികൃഷ്ണൻ, ശ്രീമതി അൻസിയ എ. എന്നിവർ ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ബിൽ കളക്ടർമാരായ ശ്രീമതി അൻസിയ എ (രസീതി ബുക്ക് നമ്പർ 7418), ശ്രീ. ഫക്രുദ്ധീൻ അലി ആമിർ (രസീതി ബുക്ക് നമ്പർ 7414), എന്നിവർ ഔട്ട് ഡോർ രസീതി ബുക്കിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ ആയവ സാക്ഷ്യപ്പെടുത്തി ഹാജരാക്കി.

2. ഇന്ററപ്റ്റഡ് രസീതി

ഓഫീസ് ആവശ്യത്തിന് ഉപയോഗിക്കുന്ന ഇന്ററപ്റ്റഡ് രസീതി ബുക്ക് ഉപയോഗിച്ച് പിരിച്ചെടുത്ത തുകകൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

സാമ്പത്തിക വർഷം അവസാനിച്ചാൽ അവശേഷിക്കുന്ന രസീതികൾ ക്യാൻസൽ ചെയ്ത് ഉപയോഗ ശൂന്യമാക്കണമെന്നിരിക്കെ ഫീസ് ആവശ്യത്തിന് ഉപയോഗിക്കുന്ന രസീതി ബുക്ക് 7402 സാമ്പത്തിക വർഷം (2017-18) അവസാനിച്ചിട്ടും നിലവിലെ ബുക്ക് ക്യാൻസൽ ചെയ്യാതെ 2018-19ലും ഉപയോഗിച്ച് വരുന്നത് ക്രമപ്രകാരമല്ല. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്ന് അറിയിച്ചു. ഇന്ററപ്റ്റഡ് രസീതി ഉപയോഗിച്ച് പിരിച്ചെടുക്കുന്ന തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കി , ആയതിന്റെ വിവരം കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

3. ഉപയോഗിക്കാത്ത രസീതി ബുക്കുകൾ തിരികെ സ്റ്റോക്കിലെടുക്കേണ്ടതാണ്.

ഓരോ സാമ്പത്തിക വർഷവും അവസാനിക്കുമ്പോൾ ഒരു താള് പോലും ഉപേയാഗിക്കാതെ അവശേഷിക്കുന്ന രസീതി ബുക്കുകൾ തിരികെ സ്റ്റോക്കിലെടുത്ത് പുനരുപയോഗിക്കേണ്ടതാണ്. 23.03.2018 ന് ശ്രീ. ദുൽഫീക്കർ കെ.കെ എന്നവരുടെ പേരിൽ (രസീതി ബുക്ക് നമ്പർ 7419) ഇഷ്യൂ ചെയ്ത രസീതി ബുക്കിൽ ഒരു താള് പോലും ഉപയോഗിച്ചിട്ടില്ല. ആയതിനാൽ തിരികെ സ്റ്റോക്കിലെടുത്ത് പുനരുപയോഗിക്കേണ്ടതാണ്.

12.04.2018 ന് ശ്രീ. രജി ഇ എന്നവരുടെ പേരിൽ (രസീതി ബുക്ക് നമ്പർ 7425) ഇഷ്യൂ ചെയ്ത രസീതി ബുക്കിൽ ഒരു താള് പോലും ഉപയോഗിച്ചിട്ടില്ല. മാത്രവുമല്ല രസീതി ബുക്കിലെ എല്ലാ പേജുകളും ക്യാൻസൽ ചെയ്ത് ഉപയോഗ ശൂന്യമാക്കിയിട്ടുണ്ട്. ആയതിനാൽ തിരികെ സ്റ്റോക്കിലെടുത്ത് പുനരുപയോഗിക്കാൻ സാധിക്കാത്ത നിലയിലാണ്. ഒരു താൾ പോലും ഉപയോഗിക്കാത്ത രസീതി ബുക്കുകൾ തിരികെ സ്റ്റോക്കിലെടുത്ത് ഉപേയാഗിക്കാതെ നശിപ്പിക്കുന്നത് ശരിയായ പ്രവണതയല്ല. ഉപയോഗിക്കാത്ത രസീതി ബുക്കുകൾ ഉപയോഗ്യ ശൂന്യമാക്കാതെ തിരികെ സ്റ്റോക്കിലെടുത്ത് പുനരുപയോഗിക്കുമെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചു.
അപാകതകൾ ആവർത്തിക്കാതിരിക്കാൻ മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. രേഖകളുടേയും രജിസ്റ്ററുകളുടേയും സൂക്ഷിപ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടി ശ്രദ്ധിക്കേണ്ടതാണ്.

## 2-3 വസ്തു നികുതി കുടിശ്ശിക തുകയിൻമേൽ പിഴപ്പലിശ ഈടാക്കിയതിലെ അപാകതകളും പോസ്റ്റിംഗിലെ പൊരുത്തക്കേടുകളും

നിയമവും ചട്ടവും ബൈലോകളും പ്രകാരം ഗ്രാമ പഞ്ചായത്തിനു ലഭിക്കാനുള്ള ഏതൊരു നികുതി തുകയും നിശ്ചിത സമയപരിധിക്കകം ഒടുക്കാത്ത പക്ഷം പ്രസ്തുത തുക ഡ്യൂ ആയ തിയ്യതി മുതൽ പ്രതിമാസം 1% പിഴപ്പലിശ സഹിതം ഈടാക്കേണ്ടതുണ്ട് (1994ലെ കേരള പഞ്ചായത്ത് രാജ് നിയമം ,വകുപ്പ് 209 ഇ). കുടിശ്ശിക ഒറ്റത്തവണയായി അടക്കുന്ന പക്ഷം വസ്തു നികുതിയുടെ പിഴപ്പലിശ ഹ്രസ്വകാലങ്ങളിലേയ്ക്ക് ഇളവ് ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്.

| സർക്കാർ ഉത്തരവ് നമ്പർ/തിയതി | പിഴപ്പലിശ ഇളവ് അനുവദിച്ച് നൽകിയ കാലയളവ് |
|---|---|
| സ.ഉ.(സാധാ) 278/2017 ത.സ്വ.ഭ.വ തിയതി 01.02.2017 | 01.02.2017 മുതൽ 31.03.2017 വരെ |
| സ.ഉ.(സാധാ) 3843/2017 ത.സ്വ.ഭ.വ തിയതി 28.11.2017 | 28.11.2017 മുതൽ 28.02.2018 വരെ |
| സ.ഉ.(സാധാ) 589/2018 ത.സ്വ.ഭ.വ തിയതി 01.03.2018 | 01.03.2018 മുതൽ 31.03.2018 വരെ |

പ്രസ്തുത ഉത്തരവുകൾ പ്രാബല്യമില്ലാത്ത കാലയളവുകളിൽ ഒടുക്കപ്പെടുന്ന കുടിശ്ശികത്തുകകൾക്ക് നിയമപ്രകാരമുള്ള നിരക്കിൽ പിഴപ്പലിശ ഈടാക്കേണ്ടതുണ്ട്. എന്നാൽ വസൂലാക്കിയ വസ്തു നികുതി കുടിശ്ശികകൾക്ക് പൂർണ്ണ നിരക്കിൽ

പിഴപ്പലിശ ഈടാക്കാതെയും കുറവായി ഈടാക്കിയും നിരവധി നികുതിദായകർക്ക് രശീതി നൽകിയിട്ടുണ്ട്. കൂടാതെ പിരിച്ചെടുത്ത നികുതികൾ യഥാസമയം പോസ്റ്റ് ചെയ്യുന്നതിലും പോസ്റ്റ് ചെയ്ത തുകയിലെ വ്യത്യാസങ്ങളും നികുതി പിരിവ് കാര്യക്ഷമമല്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ബിൽ കളക്ടറുടെ പേര് : ശ്രീ. അജേഷ്

രസീതി ബുക്ക് നമ്പർ : 1779

| ക്ര.ന | രശീതി നം. /തീയതി | കെട്ടിട നം. & ഉടമയുടെപേര് Total Tax (BT+LC) | ഈടാക്കേണ്ട നികുതി (BT+LC & Penal Interest) | രസീതി ബുക്ക് പ്രകാരം കളക്ഷൻ വിവരം (BT+LC & Penal Interest) | പിഴപ്പലിശ ഈടാക്കേണ്ടത് | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | 1/1779<br>തീയതി 30.05.2017 | 14/66 A<br>BT + LC<br>നികുതി നിർണയിച്ചിട്ടുള്ളത് 2015-16 ആദ്യ അർദ്ധ വർഷം മുതലാണ്. 157 (149+8)<br>ശ്രീ.നാരായണൻ<br>കണ്ടംചിറ, എടരിക്കോട് | 2015-16: 157 (149+8)<br>2016-17 ബുക്ക് നമ്പർ 1763 ലെ 62ാം രസീതി പ്രകാരം 30.09.16 ന് അടവാക്കിയിട്ടുണ്ട്.<br>2017-18 : 157 (149+8)<br>Penal Interest : 25 (34%)<br>ആകെ : 314+25=339 | 2013-14: 157<br>2014-15: 157<br>2015-16: 68<br>കുടിശ്ശിക BT+LC – 382<br>തൻവർഷം BT+LC -157<br>Penal Interest : 0<br>ആകെ : 539 | 2016-17 : 25/- (25 രൂപ ഈടാക്കിയിട്ടില്ല) | 2015-16 ആദ്യ അർദ്ധ വർഷം മുതൽ ഈടാക്കേണ്ട നികുതി ഡിമാന്റ് പരിഗണിക്കാതെ 2013-14 മുതൽ ഈടക്കിയതിനാൽ 200 രൂപ അധികം ഈടാക്കി |

എന്നാൽ 1/1779 ഔട്ട് ഡോർ രസീതി പ്രകാരം 30.05.2017 ൽ പിരിച്ചെടുത്ത 539 രൂപ വസ്തു നികുതിയുടെ ഓൺലൈൻ പ്ലാറ്റ് ഫോമായ സഞ്ചയ സോഫ്റ്റ്‌വയറിൽ പോസ്റ്റ് ചെയ്തത് താഴെ പറയും പ്രകാരമാണ്.

2013-14: 157

2014-15: 157

2015-16: 68
2016-17 മുൻ രസീതി ബുക്ക് നമ്പർ 1763 ലെ 62ാം രസീതി പ്രകാരം അടവാക്കിയത് പോസ്റ്റ് ചെയ്തിട്ടുണ്ട്.

2017-18: 539

2013-14 മുതൽ പോസ്റ്റ് ചെയ്തതിനാലും 2017-18 ൽ യഥാർത്ഥത്തിൽ പോസ്റ്റ് ചെയ്യേണ്ടിയിരുന്ന 157 രൂപക്ക് പകരം 539 രൂപ പോസ്റ്റ് ചെയ്തതിനാൽ ടി കെട്ടിട ഉടമ യഥാർത്ഥത്തിൽ 200 രൂപ അധികം അടച്ചതായി കാണിക്കുന്നതിന് പകരം 450 രൂപ അധികം അടച്ചതായാണ് കാണിക്കുന്നത്.

| | | | | | | |
|---|---|---|---|---|---|---|
| 2 | 2/1779<br>തീയതി 30.05.2017 | 8/329<br>BT + LC<br>16 (15+1)<br>ശ്രീ. മുഹമ്മദ് മൂർക്കത്ത് | BT + LC<br>2015-16: 16 (15+1)<br>2016-17: 16 (15+1)<br>2017-18: 16 (15+1)<br>Penal Interest : 3.3 (44%)<br>ആകെ : 51.3 | 2015-16: 122(116+6)<br>2016-17: 122(116+6)<br>2017-18: 122(116+6)<br>കുടിശ്ശിക BT+LC –244<br>തൻവർഷം BT+LC-122<br>ആകെ : 366 രസീതി ബുക്ക് പ്രകാരം ഈടാക്കിയിട്ടുള്ളത് | 2015-16 2.55 രൂപ<br>2016-17 0.75 പൈസ<br>ആകെ 3.3 രൂപ<br>(ഈടാക്കിയിട്ടില്ല) | ഡിമാന്റ് പരിഗണിക്കാതെ വസ്തു നികുതി 2013-14, 2014-15 ലും 122 രൂപ പിരിച്ചെടുത്തിട്ടുണ്ട്. ആയതിനാൽ ബാലൻസ് ഇനത്തിൽ സഞ്ചയയിൽ Excess Collection ഇനത്തിൽ 514 രൂപ കാണിക്കുന്നുണ്ട്. |
| 3 | 20/1779<br>തീയതി 30.05.2017 | 16/217<br>BT + LC<br>296 (281+15)<br>ശ്രീ. കുസ്സായി ഹാജി | BT + LC<br>2013-14: 296 (281+15)<br>2014-15: 296 (281+15)<br>2015-16: 296 (281+15)<br>2016-17: 296 (281+15)<br>Penal Interest : 259(184%)<br>ആകെ : 1443 | ആകെ പിരിവ് തുക 1184(BT+LC) +259 (Penal interest)+ 5(Notice) എന്നിങ്ങനെ 1448 രൂപയാണ് രസീതി ബുക്ക് പ്രകാരം ഈടാക്കിയിട്ടുള്ളത് ഏതല്ലാം വർഷങ്ങളിലേത് ആണെന്ന് കാണിച്ചിട്ടില്ല. | 2013-14- 115.21<br>2014-15- 81.49<br>2015-16- 47.77<br>2016-17- 14.05<br>ആകെ 258.52<br>ആകെ പിഴപ്പലിശ : 259 രൂപ ഈടാക്കിയിട്ടുണ്ട് | |

എന്നാൽ 20/1779 ഔട്ട് ഡോർ രസീതി പ്രകാരം 30.05.2017 ൽ പിരിച്ചെടുത്ത 1448 രൂപ

വസ്തു നികുതിയുടെ ഓൺലൈൻ പ്ലാറ്റ് ഫോമായ സഞ്ചയ സോഫ്റ്റ്‌വയറിൽ പോസ്റ്റ് ചെയ്തത് താഴെ പറയും പ്രകാരമാണ്.

2013-14: 350

2014-15: 350

2015-16: 350

2016-17: 350

ആകെ - 1400 രൂപ

പിഴപ്പലിശ ഇനത്തിൽ ലഭിച്ച തുകയും കൂടി വസ്തു നികുതി ഇനത്തിലേക്ക് അടവാക്കിയതിനാൽ വരും വർഷത്തെ ഡിമാന്റ് തുകയിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

2017-18 ലെ വസ്തു നികുതി ഡിമാന്റ് 296രൂപയാണ്. എന്നാൽ 19.03.2018 ന് ആകെ ഈടാക്കിയത് 80 രൂപയാണ്. തെറ്റായ പോസ്റ്റിംഗ് മൂലം പഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽ 216 രൂപ നഷ്ടമായി

| | | | | | | |
|---|---|---|---|---|---|---|
| 4 | 24/1779<br>തീയതി 30.05.2017 | 8/454<br>BT + LC<br>67 (63+4)<br>ശ്രീമതി മീനാക്ഷി ടീച്ചർ | BT + LC<br>2013-14: 67 (63+4)<br>2014-15: 67 (63+4)<br>2015-16: 67 (63+4)<br>2016-17: 67 (63+4)<br>Penal Interest : 58 (184%)<br>ആകെ : 326 | ആകെ പിരിവ് തുക 268 (BT+LC)+58 (Penal interest)+ 5(Notice) എന്നിങ്ങനെ 331 രൂപയാണ് രസീതി ബുക്ക് പ്രകാരം ഈടാക്കിയിട്ടുള്ളത് ഏതല്ലാം വർഷങ്ങളിലേത് ആണെന്ന് കാണിച്ചിട്ടില്ല. | 2013-14- 25.83<br>2014-15- 18.27<br>2015-16- 10.71<br>2016-17- 3.15<br>ആകെ 57.96<br>Penal Interest : 58 രൂപ ഈടാക്കിയിട്ടുണ്ട് | |

എന്നാൽ 24/1779 ഔട്ട് ഡോർ രസീതി പ്രകാരം 30.05.2017 ൽ പിരിച്ചെടുത്ത 331 രൂപ

വസ്തു നികുതിയുടെ ഓൺലൈൻ പ്ലാറ്റ് ഫോമായ സഞ്ചയ സോഫ്റ്റ്‌വയറിൽ പോസ്റ്റ് ചെയ്തത് താഴെ പറയും പ്രകാരമാണ്.

2013-14: 331

പിഴപ്പലിശ ഇനത്തിൽ ലഭിച്ച തുകയും Notice നൽകിയ ഇനത്തിൽ വാങ്ങിയ 5 രൂപയും കൂടി വസ്തു നികുതി ഇനത്തിലേക്ക് അടവാക്കിയതിനാൽ 2017-18 വർഷത്തെ ഡിമാന്റ് തുകയിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

2017-18 ലെ വസ്തു നികുതി ഡിമാന്റ് 67 രൂപയാണ്. എന്നാൽ 20.12.2017 ന് ആകെ ഈടാക്കിയത് 4 രൂപയാണ്. തെറ്റായ പോസ്റ്റിംഗ് മൂലം പഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽ 63 രൂപ നഷ്ടമായി

| | | | | | | |
|---|---|---|---|---|---|---|
| 5 | 26/1779<br>തീയതി 30.05.2017 | 16/453<br>BT + LC<br>290 (276+14)<br>ശ്രീ. കറപ്പൻ നെല്ലിക്കോട്ട് | BT + LC<br>2013-14: 290 (276+14)<br>2014-15: 290 (276+14) | ആകെ പിരിവ് തുക<br>കുടിശ്ശിക 955 (BT+LC)<br>തന്നാണ്ട് | 2013-14- 113.16<br>2014-15- 80.04<br>2015-16- 46.92<br>2016-17- 13.8<br>ആകെ 253.92<br>Penal Interest : | |

| | | | | | | |
|---|---|---|---|---|---|---|
| | | | 2015-16: 290 (276+14)<br>2016-17: 290 (276+14)<br>2017-18: 290 (276+14)<br>Penal Interest : 254 (184%)<br>ആകെ : 1704 | 2017-18: 290 (276+14)<br>+ 172 (Penal interest)+5 (Notice) എന്നിങ്ങനെ 1422 രൂപയാണ് രസീതി ബുക്ക് പ്രകാരം ഈടാക്കിയിട്ടുള്ളത് ഏതല്ലാം വർഷങ്ങളിലേത് ആണെന്ന് കാണിച്ചിട്ടില്ല. | 82 രൂപ കുറവായി ഈടാക്കി<br>(254-172) | |

എന്നാൽ 26/1779 ഔട്ട് ഡോർ രസീതി പ്രകാരം 30.05.2017 ൽ പിരിച്ചെടുത്ത 1422 രൂപ

വസ്തു നികുതിയുടെ ഓൺലൈൻ പ്ലാറ്റ് ഫോമായ സഞ്ചയ സോഫ്റ്റ്‌വയറിൽ പോസ്റ്റ് ചെയ്തത് താഴെ പറയും പ്രകാരമാണ്.

2013-14: 55

2014-15: 300

2015-16: 300

2016-17: 300

2017-18 : 467

ആകെ - 1422 രൂപ

പിഴപ്പലിശ ഇനത്തിൽ ലഭിച്ച തുകയും Notice നൽകിയ ഇനത്തിൽ വാങ്ങിയ 5 രൂപയും കൂടി വസ്തു നികുതി ഇനത്തിലേക്ക് അടവാക്കിയതിനാൽ 2017-18 വർഷത്തെ ഡിമാന്റ് തുകയിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

2017-18 ലെ വസ്തു നികുതി ഡിമാന്റ് 290രൂപയാണ്. എന്നാൽ 10.05.2018 ന് ആകെ ഈടാക്കിയത് 113 രൂപയാണ്. തെറ്റായ പോസ്റ്റിംഗ് മൂലം പഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽ 177 രൂപ നഷ്ടമായി

ബിൽ കളക്ടറുടെ പേര് : ശ്രീ. ഫക്രുദ്ദീൻ അലി ആമിർ

രസീതി ബുക്ക് നമ്പർ : 1780

| ക്ര.ന | രശീതി നം. / തീയതി | കെട്ടിട നം. & ഉടമയുടെ പേര് | ഈടാക്കേണ്ട നികുതി | കളക്ഷൻ വിവരം (BT+LC | പിഴപ്പ ലിശ ഈടാക്കേ | റിമാർക്ക്സ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | Total Tax (BT+LC) | (BT+LC &Penal Interest) | &Penal Interest) | ണ്ടത് | |
| 6 | 3/7422<br>തീയതി 06.08.2018 | 9/92<br>BT + LC<br>56 (53+3)<br>ശ്രീ.മുസ്തഫ, ചെമ്മുക്കില് & ഹബീബ | 2015-16: 56 (53+3)<br>2016-17: 56 (53+3)<br>2017-18: 56 (53+3)<br>2018-19 : 56 (53+3)<br>Penal Interest : 32 (120%)<br>ആകെ : 256 | കുടിശ്ശിക BT+LC+PI – 330<br>തൻവർഷം BT+LC - 56<br>ആകെ : 386 | 2015-16- 16.96<br>2016-17- 10.6<br>2017-18- 4.24<br>ആകെ 31.8<br>ആകെ പിഴപ്പലിശ 32 രൂപ | ആകെ വസ്തു നികുതി ഇനത്തിൽ ഈടാക്കേണ്ടതിലും 130 രൂപ അധികം ഈടാക്കി |
| എന്നാൽ 3/7422 ഔട്ട് ഡോർ രസീതി പ്രകാരം 06.08.2018 ൽ പിരിച്ചെടുത്ത 386 രൂപ വസ്തു നികുതിയുടെ ഓൺലൈൻ പ്ലാറ്റ് ഫോമായ സഞ്ചയ സോഫ്റ്റ്‌വയറിൽ പോസ്റ്റ് ചെയ്തത് താഴെ പറയും പ്രകാരമാണ്.<br>2015-16: 56<br>2016-17: 56<br>2017-18: 56<br>2018-19: 186<br>------------------<br>ആകെ - 354<br>ഡിമാന്റ് തുക പരിഗണിക്കാതെ വസ്തു നികുതി പിരിച്ചെടുത്തതിനാൽ 130 രൂപ കെട്ടിടം ഉടമയിൽ നിന്നും അധികം ഈടാക്കി. | | | | | | |
| 7 | 4/7422<br>തീയതി | 9/92 B<br>BT + LC | 2015-16: 175 (166+9) | കുടിശ്ശിക BT+LC+PI – | 2015-16- 53.12<br>2016-17- | പിഴപ്പലിശ ഇനത്തിൽ ഈടാക്കേണ്ടതിലും 100രൂപയിൽ 30 രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | 06.08.2018 | 175 (166+9)<br>ആയിശ മുതൽ പേർ | 2016-17: 175 (166+9)<br>2017-18: 175 (166+9)<br>2018-19 : 175 (166+9)<br>Penal Interest : 100 (120%)<br>ആകെ : 800 | 555<br>തൻവർഷം BT+LC - 175<br>ആകെ : 730 | 33.2<br>2017-18-13.28<br>100<br>പിഴപ്പലിശ<br>70 രൂപ<br>കുറവ്<br>(100-30) | മാത്രമേ ഈടാക്കിട്ടുള്ളൂ. |
| 8 | 6/7422<br>തീയതി 06.08.2018 | 8/279<br>BT + LC<br>823 (783+40)<br>സയ്യിദ് സൈനുദ്ദീൻ കോയതങ്ങൾ, മൊയ്തീൻ പള്ളിക്കൽപടിഞ്ഞാറേതില് | 2017-18: 823 (783+40)<br>2018-19 : 823 (783+40)<br>Penal Interest : 63 (16%)<br>ആകെ : 1709 | കുടിശ്ശിക BT+LC– 419<br>തൻവർഷം BT+LC+PI - 783+40+20<br>ആകെ : 1262 | 2017-18- 63 പിഴപ്പലിശ | കളക്ഷൻ തുക നാളിതു വരെ സഞ്ചയയിൽ പോസ്റ്റ് ചെയ്തിട്ടില്ല. പിഴപ്പലിശ ഇനത്തിൽ ഓരോ മാസവും 1% വീതം വർദ്ധനവ് ഉണ്ടാവുന്നതിനാൽ പോസ്റ്റ് ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. |

ഗ്രാമ പഞ്ചായത്തിലെ ദൈനംദിന പണപ്പിരിവ്,ഒടുക്ക് എന്നീ പ്രവർത്തനങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതി നിലവിൽ സംവിധാനമില്ലാത്തതാണ് മേൽ അപാകതക്ക് കാരണം. ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-9 ൽ 18,30,810 രൂപ വസ്തു നികുതി ഇനത്തിൽ അഡ്വാൻസായി പിരിച്ചെടുത്തതായിട്ടുണ്ട്. ആയതിൽ എത്ര രൂപ തെറ്റായി പോസ്റ്റ് ചെയ്തതിലൂടെ സംഭവിച്ചതാണെന്ന് പരിശോധന നടത്തേണ്ടിയിരിക്കുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയിൽ (01/ 01.10.2018) മറുപടി ലഭ്യമാക്കുന്നതിനോടൊപ്പം സഞ്ചയയിലെ പോസ്റ്റിംഗ് യഥാസമയം കൃത്യതയോടെ പോസ്റ്റ് ചെയ്യുന്നതിനും ഓഫീസ് തലത്തിൽ സ്വീകരിച്ച തുടർനടപടി വിവരവും കൂടി അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നു. വിശദീകരണങ്ങൾ ചുവടെ ചേർക്കുന്നു.

ശ്രീ. അജേഷ് / രസീതി ബുക്ക് നമ്പർ : 1779
മറുപടി ലഭ്യമാക്കിയിട്ടില്ല.

ബിൽ കളക്ടറുടെ പേര് : ശ്രീ. ഫക്രുദ്ദീൻ അലി ആമിർ

രസീതി ബുക്ക് നമ്പർ : 1780
1) ഡിമാന്റ് തുക പരിഗണിക്കാതെ വസ്തു നികുതി പിരിച്ചെടുത്തതിനാൽ 130 രൂപ കെട്ടിടം ഉടമയിൽ നിന്നും അധികം ഈടാക്കി. ആയത് നികുതി വരവിൽ അഡ്വാൻസായി വരവ് കാണിച്ച് പ്രശ്നം പരിഹരിച്ചിട്ടുണ്ടെന്ന് അറിയിച്ചു.

2) പിഴപ്പലിശ ഇനത്തിൽ കുറവ് വന്ന 70 രൂപ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 118010104028ാം നമ്പർ രസീതി പ്രകാരം 03.10.2018 ന് പഞ്ചായത്ത് ഫണ്ടിൽ അടവാക്കി

3) 03.10.2018 ന് പോസ്റ്റ് ചെയ്ത് പരിഹരിച്ചിട്ടുണ്ടെന്ന് അറിയിച്ചു.

വസ്തു നികുതി കുടിശ്ശിക തുകയിൽ പിഴപ്പലിശ ഈടാക്കിയതിലെ അപാകതകളും പോസ്റ്റിംഗിലെ പൊരുത്തക്കേടുകളും പഞ്ചായത്തിന് നഷ്ടമുണ്ടാക്കുന്ന രീതിയിൽ നികുതിദായകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ടെന്ന് ഓഡിറ്റ് ചൂണ്ടി കാണിച്ചതിന്റെ അടിസ്ഥാനത്തിൽ ബാലൻസ് ഷീറ്റ് ബി-9 ൽ വസ്തു നികുതി ഇനത്തിൽ അഡ്വാൻസായി പിരിച്ച 18,30,810 രൂപയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിലും സഞ്ചയയിലെ പോസ്റ്റിംഗ് പൂർണമാക്കുന്നതിനും ഓഫീസ് തലത്തിൽ ഹെഡ് ക്ലാർക്കിന്റെ നേതൃത്വത്തിൽ ക്ലാർക്കുമാരെ ചുമതലപ്പെടുത്തി 31.10.2018 നകം സഞ്ചയ സോഫ്റ്റ് വെയറിലെ അപാകത പരിഹരിക്കുന്നതിന് ഓഫീസ് ഉത്തരവ് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു.

ഇക്കാര്യം സമാപന യോഗത്തിൽ അവതരിപ്പിച്ചപ്പോൾ ഇത്തരത്തിലുള്ള അപാകത പഞ്ചായത്തിൽ ഉണ്ടാവാറുണ്ടെന്നും അത് മൂലം പഞ്ചായത്തിലെ നികുതിദായകർക്ക് അവർ നികുതി അടച്ചതിന്റെ വിവരം പഞ്ചായത്തിൽ ചെന്ന് അന്വേഷിച്ചാൽ അടച്ചിട്ടില്ല എന്നുള്ള മറുപടി ഉണ്ടാവാറുണ്ടെന്നും ഭരണസമിതി അംഗം ചൂണ്ടിക്കാട്ടി. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഗൗരവമായി ഇടപെടേണ്ടതും നികുതി അടവാക്കിയതിന്റെ വിവരങ്ങൾ സഞ്ചയയിൽ യഥാസമയം പോസ്റ്റ് ചെയ്യുന്നുണ്ടെന്നും പോസ്റ്റ് ചെയ്തതിൽ അപാകത ഇല്ലാ എന്നും ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ചതിന്റെ പുതിയ ക്രമീകരണങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 സഞ്ചയയിൽ ഡേറ്റ എൻട്രി അപാകത മൂലം പഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽ നഷ്ടമുണ്ടാവുന്നു

15.11.2017 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 3ാം നമ്പർ തീരുമാന പ്രകാരം വസ്തു നികുതി പിരിവ് പുരോഗതി വിലയിരുത്തുകയും സൈതലവി, മാനേജിങ്ങ് ഡയറക്ടർ ടിപ്പോപ് ഫർണിച്ചർ എന്നവരുടെ ഉടമസ്ഥതയിലുള്ള 7/914 മുതൽ 921 കെട്ടിടങ്ങൾക്ക് 2013-14 മുതലുള്ള വസ്തു നികുതി കുടിശ്ശിക 4,89,662 രൂപ ഉൾപ്പെടെയുള്ളവ പിരിച്ചെടുക്കുന്നതിനായി നികുതി പിരിവ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും ചെയ്തു. സൈതലവി, മാനേജിങ്ങ് ഡയറക്ടർ ടിപ്പോപ് ഫർണിച്ചർ എന്നവരുടെ പേരിൽ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന 7/913 മുതൽ 921 വരെയുള്ള കെട്ടിടങ്ങളാണുള്ളത്. ടി കെട്ടിടങ്ങൾ 2008 ആദ്യ അർദ്ധ വർഷം മുതൽ നമ്പറിംഗ് നൽകിയിട്ടുള്ളതിനാൽ വസ്തു നികുതി പരിഷ്കരണത്തോടനുബന്ധിച്ച് പുറപ്പെടുവിച്ച സ.ഉ (എം.എസ്) നം 144/15 ത.സ്വ.ഭ.വ തിയതി 27.04.2015 പ്രകാരം വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി 100% വർദ്ധനവ് വരുത്തി നികുതി നിർണയിക്കുകയും പുതിയ നിർമ്മാണത്തിന് ആനുപാതിക വർദ്ധനവ് വരുത്തുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് കെട്ടിട നമ്പർ | വസ്തു നികുതി (ARV) 2008 First Half മുതൽ (BT+LC) | കെട്ടിടത്തിന്റെ ആകെ തറവിസ്തീർണം | നിലവിൽ ഡിമാന്റ് ചെയ്ത് വരുന്ന തുക<br>വസ്തു നികുതി പരിഷ്കരണം 100% വർദ്ധനവ് / തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ (BT+LC) | കളക്ഷൻ വിവരങ്ങൾ | റിമാർക്സ് |
|---|---|---|---|---|---|
| 7/913 | 19+1 =20 | താഴത്തെ നില<br>163 ച.മീറ്റർ | 100% വർദ്ധനവ്<br>38+2 =40 | ₹ 1701<br>Rt No 90/31320 Dated 26/03/2014 | 2013-14 = 40<br>2014-15 = 40<br>2015-16 = 40<br>2016-17 = 40<br>2017-18 = 40<br>2018-19 = 40 |

| | | | | | |
|---|---|---|---|---|---|
| | | | | | ആകെ - 240<br>1701-240 = 1461 രൂപ അഡ്വാൻസ് കളക്ഷനായി കാണിക്കുന്നു. |
| 7/914 | 1901+95 =1996 | താഴത്തെ നില<br>129 ച.മീറ്റർ | 100% വർദ്ധനവ്<br>3802+191=3993 | ₹ 1701<br>Rt No 90/31320 Dated 26/03/2014<br>₹ 18264<br>Rt No 117010105894 Dated 15/01/2018 | |
| 7/915 | 1901+95 =1996 | താഴത്തെ നില<br>260 ച.മീറ്റർ | തറവിസ്തീർണം<br>11700+585= 12285 | ₹ 1701<br>Rt No 90/31320 Dated 26/03/2014<br>₹ 59724<br>Rt No 117010105895 Dated 15/01/2018 | |
| 7/916 | 1901+95 =1996 | താഴത്തെ നില<br>140 ച.മീറ്റർ | തറവിസ്തീർണം<br>6300+315= 6615 | ₹ 1701<br>Rt No 90/31320 Dated 26/03/2014<br>₹ 31374<br>Rt No 117010105896 Dated 15/01/2018 | |
| 7/917 | 2376+120 =2496 | താഴത്തെ നില<br>140 ച.മീറ്റർ | തറവിസ്തീർണം<br>6300+315= 6615 | ₹ 1701<br>Rt No 90/31320 Dated 26/03/2014<br>₹ 31375 | |

| | | | | | |
|---|---|---|---|---|---|
| | | | | Rt No 117010105897 Dated 15/01/2018 | |
| 7/918 | 1141+57 =1198 | താഴത്തെ നില 290 ച.മീറ്റർ | തറവിസ്തീർണം 13050+653= 13703 | ₹ 4792<br>Rt No 89/31320 Dated 26/03/2014<br>₹63723<br>Rt No 117010105898 Dated 15/01/2018 | |
| 7/919 | 1141+57 =1198 | താഴത്തെ നില 290 ച.മീറ്റർ | തറവിസ്തീർണം 13050+653= 13703 | ₹ 1198<br>Rt No 89/31320 Dated 26/03/2014<br>₹67317<br>Rt No 117010105899 Dated 15/01/2018 | |
| 7/920 | 1141+57 =1198 | താഴത്തെ നില 290 ച.മീറ്റർ | തറവിസ്തീർണം 13050+653= 13703 | ₹ 1198<br>Rt No 89/31320 Dated 26/03/2014<br>₹67317<br>Rt No 117010105900 Dated 15/01/2018 | |
| 7/921 | 1141+57 =1198 | താഴത്തെ നില 290 ച.മീറ്റർ | തറവിസ്തീർണം 13050+653= 13703 | ₹ 1198<br>Rt No 89/31320 Dated 26/03/2014<br>₹67317<br>Rt No 117010105901 | |

| | | | | | |
|---|---|---|---|---|---|
| | | | | Dated 15/01/2018 | |

കെട്ടിട നമ്പർ 7/913 ൽ യഥാർത്ഥത്തിലുള്ള വസ്തു നികുതി 1901+95 =1996 രൂപയാണ് എന്നാൽ തെറ്റായി ഡേറ്റാ എൻട്രി ചെയ്തത് മൂലം 19+1 =20 രൂപയാണ് വസ്തു നികുതി നിർണയിച്ചിരിക്കുന്നത്. വസ്തു നികുതി പരിഷ്കരണത്തോടെ 100 % വർദ്ധനവ് വരുത്തി 3802+191=3993 ൽ നിജപ്പെടുത്തേണ്ടതിനു പകരം 38+2 =40 രൂപയിലാണ് വസ്തു നികുതി പുനർനിർണയിച്ചിരിക്കുന്നത്. തെറ്റായി ഡേറ്റാ എൻട്രി ചെയ്തത് മൂലം പഞ്ചായത്തിന് വസ്തു നികുതി ഇനത്തിലും ലൈബ്രറി കരം ഇനത്തിലും നഷ്ടം സംഭവിച്ചു. എന്നാൽ സഞ്ചയയിൽ 1461 രൂപ അഡ്വാൻസ് കളക്ഷനായാണ് കാണിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (10/ 01.10.2018) നൽകിയതിനെ തുടർന്ന് സഞ്ചയയിൽ ഡേറ്റാ എൻട്രി ചെയ്തപ്പോൾ ഉണ്ടായ തെറ്റ് പരിഹരിച്ച് നികുതി പുനർനിർണയിക്കുകയും കുടിശ്ശിക ഉൾപ്പെടെ ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തതായി സെക്രട്ടറി അറിയിച്ചു. വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 വസ്തു നികുതി കുറവായി നിർണ്ണയിച്ചു

പഞ്ചായത്തിലെ വാർഡ് നമ്പർ 7 (വൈലിക്കുളമ്പ്) ൽ 475A മുതൽ 475C വരെയുള്ള കെട്ടിടങ്ങൾ ശ്രീ. സക്കീർ, ഏറാത്ത് പറമ്പിൽ എന്നവരുടെ പേരിൽ അനുവദിച്ചിട്ടുള്ള 3 കടമുറികളാണ്. (ഗ്രൗണ്ട് ഫ്ലോറിൽ 3 കടമുറികൾ)

ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

വാണിജ്യാവശ്യത്തിനുള്ളവ 100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30 രൂപ / ച.മീ.

വാണിജ്യാവശ്യത്തിനുള്ളവ 100ച.മീറ്ററിനു മുകളിൽ ആകെ തറ വിസ്തീർണ്ണമുള്ളവ : 50രൂപ / ച.മീ.

ചെറിയ തറ വിസ്തീർണ്ണത്തിൽ തിരിച്ച ഷോപ്പ് റൂമുകളടങ്ങിയ വിവിധ വാണിജ്യ കെട്ടിടങ്ങൾക്ക് സാമ്പത്തിക വർഷം നികുതി നിർണ്ണയിച്ചിരിക്കുന്നതും മേൽ നിരക്കുകൾ പ്രകാരമാണ്. എന്നാൽ 475A മുതൽ 475C വരെ നമ്പറുകളുള്ള ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി നിരക്ക് 50/-രൂപ പരിഗണിക്കേണ്ടതിനു പകരം 30/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്. ആയതിനാൽ നികുതി നിർണ്ണയിച്ചതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി അപേക്ഷിക്കുന്ന 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് വ്യക്തമായ യാതൊരു കാരണവും കൂടാതെ ഒന്നിലധികം കെട്ടിടനമ്പറുകൾ അനുവദിക്കുകയും അപ്രകാരമുള്ള തറവിസ്തീർണ്ണം മാത്രം കണക്കാക്കി 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന പരിഗണന നൽകി വസ്തുനികുതി നിർണ്ണയിച്ച് നൽകുകയുമാണ് ചെയ്യുന്നത്.

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4)) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ്. എന്നാൽ ഇത് വ്യക്തമായ കാരണങ്ങളാൽ പ്രത്യേകമായ നമ്പറുകൾ നൽകിയ നിലവിലുള്ള കെട്ടിടങ്ങളുടെ കാര്യമാണ് എന്ന് വ്യക്തമാണ്. വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ, പ്രത്യേകം നമ്പറിന് വേണ്ടി കെട്ടിടയുടമ അപേക്ഷിക്കുക പോലും ചെയ്യാതെ ഗ്രാമപഞ്ചായത്ത് നികുതി നിരക്ക് കുറച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് ചട്ടവിരുദ്ധമാണ്. ഇപ്രകാരം നികുതി നിർണ്ണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിന് വലിയ തോതിലുള്ള വരുമാന നഷ്ടമാണ് സംഭവിക്കുന്നത്.

ഉദാഹരണം താഴെ കൊടുക്കുന്നു.

അടിസ്ഥാന നികുതി നിരക്ക് 30/-രൂപ പ്രകാരം നികുതി നിർണ്ണയിച്ചതിന്റെ വിവരം

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | അടിസ്ഥാന നികുതി | വർദ്ധന. (20%) | നിർണ്ണയിച്ച നികുതി | ലൈബ്രറി കരം | ആകെ |
|---|---|---|---|---|---|---|
| 7/475A | 97 m2 | 2910 | 582 | 3492 | 175 | 3667 |

| | | | | | | |
|---|---|---|---|---|---|---|
| 7/475B | 97 m2 | 2910 | 582 | 3492 | 175 | 3667 |
| 7/475C | 97 m2 | 2910 | 582 | 3492 | 175 | 3667 |
| ആകെ | 291 m2 | 8730 | 1746 | 10476 | 525 | 11001 |

ബാധകമായ അടിസ്ഥാന നികുതി നിരക്ക് 50/-രൂപ പ്രകാരം നിർണ്ണയിക്കേണ്ട നികുതി വിവരം.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | അടിസ്ഥാന നികുതി | വർദ്ധന. (20%) | നിർണ്ണയിച്ച നികുതി | ലൈബ്രറി കരം | ആകെ |
|---|---|---|---|---|---|---|
| 7/475A | 97 m2 | 4850 | 970 | 5820 | 291 | 6111 |
| 7/475B | 97 m2 | 4850 | 970 | 5820 | 291 | 6111 |
| 7/475C | 97 m2 | 4850 | 970 | 5820 | 291 | 6111 |
| ആകെ | 291 m2 | 14550 | 2910 | 17460 | 873 | 18333 |

ബാധകമായ അടിസ്ഥാന നികുതി നിരക്ക് 50/-രൂപ പ്രകാരം നികുതി നിർണ്ണയിക്കാത്തതിനാൽ വസ്തു നികുതിയിൽ 6984രൂപയുടെയും (17460- 10476) ലൈബ്രറി സെസ്സിൽ 348 രൂപയുടെയും (873 -525) ആകെ 7332 രൂപയുടെയും (18333 – 11001 )കുറവ് വന്നിട്ടുണ്ട്.

കെട്ടിടയുടമയിൽ നിന്ന് അപേക്ഷയില്ലാതെ കുറഞ്ഞ നിരക്കിൽ നികുതി നിർണയിച്ചതിന് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടിയാനിൽ ആയത് സംബന്ധിച്ച അപേക്ഷ വാങ്ങുകയോ അല്ലെങ്കിൽ 50 രൂപ നിരക്കിൽ നികുതി നിർണയിക്കുകയോ ചെയ്യുന്നതാണ് എന്ന് അറിയിച്ചു.
ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്തഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതാത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് കെട്ടിടനമ്പർ നൽകാവുന്നതാണ്. എന്നാൽ ഒരേ വിനിയോഗത്തിലുള്ള കെട്ടിടങ്ങൾക്ക് ഈ ആനുകൂല്യത്തിന് അർഹതയില്ല. തനത് ഫണ്ട് സമാഹരിക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 2-6 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ഡി & ഒ ലൈസൻസ് അപേക്ഷ /ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ അവയുടെ സ്ഥാപന തൊഴിൽ നികുതി അടക്കുന്നുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി അടക്കുന്നില്ല. 2017-18 ലെ ഡി & ഒ ലൈസൻസ് അപേക്ഷകൾ പ്രകാരം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം താഴെ കൊടുക്കുന്നു.

| ക്ര.ന | ഡി & ഒ ലൈസൻസ് അപേക്ഷ /ഡിമാന്റ് രജിസ്റ്ററിലെ ക്ര.നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | 5 | ക്ലാസിക്ക് ദി എക്സ്ലൂസീവ് സോഫ ഡിസൈനിംഗ് | 5 |
| 2 | 6 | Yel Key ഫർണിസിംഗ് | 5 |
| 3 | 14 | മൂർക്കത്ത് സോമിൽ ആന്റ് വുഡ് ഇൻഡസ്ട്രീസ് | 3 |
| 4 | 33 | അലീസാഫ് ഇൻഡസ്ട്രീസ് | 6 |
| 5 | 34 | ഹാരിസ് ഇൻഡസ്ട്രീസ് | 8 |
| 6 | 47 | ലിലീസ് ഫർണിച്ചർ | 8 |
| 7 | 45 | വുഡ് മാർക്ക് | 3 |
| 8 | 49 | ക്ലാസിക്ക് ബ്രിക്സ് | 4 |
| 9 | 51 | അയ്യപ്പൻ വൈദ്യരുടെ മർമ്മ | 5 |

| | | | |
|---|---|---|---|
| | | ചികിത്സാലയം | |
| 10 | 53 | JJ സ്റ്റീൽസ് | 3 |
| 11 | 61 | മിൽമ | 4 |
| 12 | 65 | ലിനൻ സ്റ്റോർ | 4 |
| 13 | 80 | Freshy Bakes and Confectionery | 8 |
| 14 | 87 | K.S Traders and Hypermarket | 7 |
| 15 | 89 | Happy Bakery | 4 |
| 16 | 100 | ഓജസ് എന്റർ പ്രൈസസ് | 7 |
| 17 | 103 | NC Trade Links | 6 |
| 18 | 118 | Edappayil Floorings , Kottakkal | 10 |
| 19 | 123 | ന്യൂ കാരവൻസ് ഫുഡ് കോർട്ട് | 5 |
| 20 | 140 | ഗ്യാലക്സി ടൈൽസ് ആന്റ് സാനിറ്ററി | 4 |
| 21 | 141 | NP TVS | 4 |
| 22 | 148 | ഹെലൻ ഇലക്ട്രോ പ്ലേറ്റിംഗ് | 5 |
| 23 | 154 | Brothers petroleum | 5 |
| 24 | 160 | New Dude (Textiles) | 5 |
| 25 | 168 | റൈഫ ഹൈപ്പർ മാർക്കറ്റ് | 14 |
| 26 | 174 | ചിക്കിംഗ് | 6 |
| 27 | 179 | New Super Chemical Industries | 5 |
| 28 | 184 | White coke Company | 4 |
| 29 | 193 | VM Tyres | 4 |
| 30 | 210 | അൽ ഫറൂജ് ഹോട്ടൽ | 11 |
| 31 | 212 | ഹോട്ടൽ മുഗൾ | 5 |
| 32 | 224 | TACQA Juice | 4 |
| 33 | 230 | Perfect Number Plate | 6 |
| 34 | 231 | നെസ്റ്റോ മാർക്കറ്റിംഗ് | 4 |
| 35 | 247 | കോർപ്പസ് സെക്യൂരിറ്റി സർവീസ് ഫസിലിറ്റി മാനേജ്മെന്റ് & മാൻപവർ സപ്ലൈ | 5 |
| 36 | 267 | കളത്തിങ്കൽ പേപ്പർ മാർട്ട് | 4 |
| 37 | 287 | ഒറീഗോ പ്രിന്റ്സ് | 6 |
| 38 | 288 | ഡി ബൗൾ ഹോട്ടൽ | 9 |
| 39 | 311 | ബിസ്മി കാറ്ററിംഗ് | 4 |
| 40 | 320 | ന്യൂ ഒറിജിനൽ പ്രിന്റേഴ്സ് | 4 |
| 41 | 325 | ഹൈടെക് എഞ്ചിനീയറിംഗ് കമ്പനി | 4 |

| | | | |
|---|---|---|---|
| 42 | 342 | Wood Win Wood Industries | 4 |
| 43 | 348 | D3 Architecture | 5 |
| 44 | 397 | Metro Homes | 4 |
| 45 | 398 | Hotel Al Beary | 4 |
| | | ആകെ ജീവനക്കാർ | 244 |

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ. ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ആയതിന് 450 രൂപ ഒരു അർദ്ധ വർഷം തൊഴിൽ നികുതി ഇനത്തിൽ ലഭിക്കുമായിരുന്നു. ഒരു വർഷത്തിൽ 450X2=900 രൂപ. 3-ൽ കൂടുതൽ ജീവനക്കാരുള്ള സ്ഥാപനങ്ങളുടെ പട്ടികയാണ് മേൽ പരാമർശിച്ചിട്ടുള്ളത്. മേൽ സൂചിപ്പിച്ച 244 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തിന് 2017-18 ൽ നഷ്ടമായത് ചുരുങ്ങിയത് 2,19,600 (244X900) രൂപയാണ്. തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന ഈ സാധ്യത ഉപയോഗപ്പെടുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്ന് യാതൊരു നടപടികളും ഉണ്ടായിട്ടില്ല.

2. തൊഴിൽ നികുതി ഈടാക്കിയില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്ര.ന | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | വെറ്റിനറി ഡിസ്പെൻസറി, എടരിക്കോട് | ശ്രീമതി. സുധ കെ.പി , അറ്റന്റർ<br>2017-18 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2 | ട്രാൻസ്മിഷൻ ഡിവിഷൻ, തിരൂർ | ശ്രീമതി. സജ്ന പി, A.E<br>ശ്രീ. രാഘവൻ വി A.E<br>2017-18 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 3 | കേരള ഗ്രാമീൺ ബാങ്ക് | 2017-18 സാമ്പത്തിക വർഷത്തിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 4 | ബി.എസ്.എൻ.എൽ എടരിക്കോട് | 2017-18 സാമ്പത്തിക വർഷത്തിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 5 | മാവേലി സ്റ്റോർ, പുതുപറമ്പ് | 2017-18 സാമ്പത്തിക വർഷത്തിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |

മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (03/01.10.2018) ക്ക് മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കുമെന്നും തുടർന്നുള്ള വർഷങ്ങളിൽ പിരിവ് തീവ്രമാക്കുമെന്നു അറിയിച്ചു. തുടർ വിവരം അറിയിക്കേണ്ടതാണ്.

## 2-7 ഡി ആന്റ് ഒ ലൈസൻസ് പിരിച്ചെടുക്കുന്നതിലെ അപാകതകൾ

1- ഡി ആന്റ് ഒ രജിസ്റ്റർ സൂക്ഷിപ്പിലെ/അപേക്ഷ സംബന്ധിച്ച അപാകതകൾ

1. ഡി ആന്റ് ഒ ഡിമാന്റ് രജിസ്റ്ററിൽ അപേക്ഷ ലഭിച്ച തിയ്യതി രേഖപ്പെടുത്തുന്നില്ല

2. പുതിയ അപേക്ഷയും പുതുക്കാനുള്ള അപേക്ഷയും തമ്മിൽ തിരിച്ചറിയാൻ സാധിക്കുന്നില്ല

3. ഡി ആന്റ് ഒ ട്രേഡേഴ്സ് രജിസ്റ്റർ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

4. അപേക്ഷകളിൽ ഒട്ടിച്ച സ്റ്റാമ്പുകൾ ഉപയോഗശൂന്യമാക്കുന്നില്ല.

5. പുതിയ അപേക്ഷകർ സപ്ലിമെന്ററി ആയി വാർഡ് അടിസ്ഥാനത്തിൽ ഡി ആന്റ് ഒ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

6. 2017-18 ൽ ലൈസൻസ് നൽകിയ ആകെ കച്ചവട സ്ഥാപനങ്ങളുടെ എണ്ണം 399 (70 എണ്ണം പുതിയ അപേക്ഷകളാണ്)ആണ്. പുതുക്കുന്നതിനു വേണ്ടി ലഭിച്ച 329 അപേക്ഷകളിൽ 257 അപേക്ഷകളും (78%) നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. സമയ ബന്ധിത ലൈസൻസ് അപേക്ഷകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരുടെ പേരിൽ ചട്ടപ്രകാരമുള്ള നടപടികളെടുത്തതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുമ്പ് ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നുണ്ട്.

2. റേഷൻ കടകൾ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്ന് 2017-18 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഈടാക്കുകയോ വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കുകയോ ചെയ്തിട്ടില്ല. 2013-14, 2014-15 വർഷ റിപ്പോർട്ടിൽ ഖ 2-4 ൽ ഇക്കാര്യം സൂചിപ്പിച്ചിരുന്നു. എന്നാൽ നാളിതു വരെ റേഷൻ കടകളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കുന്നതിനും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല.

3. വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ ഉപയോഗ തരം ശ്രദ്ധിക്കപ്പെടുന്നില്ല.

ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളിൽ വാണിജ്യ പ്രവർത്തനങ്ങളാണ് നടക്കുന്നതെങ്കിലും സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ കെട്ടിടത്തിന്റെ തരം തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിലൂടെ വസ്തു നികുതി ഇനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രം.ന | വാർഡ് നമ്പർ/ കെട്ടിട നം | ഡി ആന്റ് രജിസ്റ്ററിലെ ക്രം.ന | ഉപയോഗം /കടയുടെ പേര് | വിസ്തീർണ്ണം | നികുതി നിർണ്ണയത്തിൽ കെട്ടിടത്തിന്റെ തരം |
|---|---|---|---|---|---|
| 1 | 7/729 | 302 | ആർക്കോ ഏജൻസീസ് | താഴത്തെ നില (132ച മീ ) | പാർപ്പിടാവശ്യം |
| 2 | 6/762 | 121 | ആയുർവേദ മരുന്ന് വിൽപന | അസസ്മെന്റ് രജിസ്റ്ററിൽ 6/762 നമ്പറിംഗ് നൽകിയിട്ടില്ല | |
| 3 | 13/403 | 169 | ഡെന്റൽ ക്ലിനിക് | താഴത്തെ നില (86 ച മീ ) | പാർപ്പിടാവശ്യം |
| 4 | 10/485 | 209 | മൊബൈൽ സെയിൽ ആന്റ് സർവീസ് | താഴത്തെ നില (114 ച മീ ) | പാർപ്പിടാവശ്യം |
| 5 | 10/130 | 245 | സ്റ്റേഷനറി | താഴത്തെനില (74 ച മീ ) | പാർപ്പിടാവശ്യം |
| 6 | 11/198 | 255 | ഇൻഡസ്ട്രിയൽ | താഴത്തെനില (37.8 ച മീ ) | പാർപ്പിടാവശ്യം |
| 7 | 7/13 | 263 | ആയുർവേദ മരുന്ന് | താഴത്തെനില | പാർപ്പിടാവശ്യം |

| | | | | | |
|---|---|---|---|---|---|
| | | | കച്ചവടം | (32ച മീ ) | |
| 8 | 5/259 | 283 | സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനം | താഴത്തെനില (67.8 ച മീ ) | പാർപ്പിടാവശ്യം |
| 9 | 8/221 | 310 | ജോ ബ്രിക്സ് | താഴത്തെനില (150 ച മീ ) | പാർപ്പിടാവശ്യം |
| 10 | 10/483 | 341 | ലോട്ടറി വിൽപന | താഴത്തെനില (70 ച മീ ) ഒന്നാം നില (100 ച മീ ) | പാർപ്പിടാവശ്യം |
| 11 | 6/729 | 365 | ലെസ്സി ജ്യൂസസ് | അസസ്മെന്റ് രജിസ്റ്ററിൽ 6/729 നമ്പറിംഗ് നൽകിയിട്ടില്ല | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 02/01.10.2018 ന് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കി

1. ഡി ആന്റ് ഒ ഡിമാന്റ് രജിസ്റ്ററിൽ അപേക്ഷ ലഭിച്ച തിയ്യതി രേഖപ്പെടുത്തുന്നതാണ്

2. പുതിയ അപേക്ഷയും പുതുക്കാനുള്ള അപേക്ഷയും തമ്മിൽ തിരിച്ചറിയാൻ സാധിക്കുന്നില്ല. പുതിയ അപേക്ഷകളിൽ ന്യൂ എന്ന് രേഖപ്പെടുത്തുന്നതാണ്

3. ഡി ആന്റ് ഒ ട്രേഡേഴ്സ് രജിസ്റ്റർ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

4. അപേക്ഷകളിൽ ഒട്ടിച്ച സ്റ്റാമ്പുകൾ ഉപയോഗശൂന്യമാക്കിയിട്ടുണ്ടെന്ന് അറിയിച്ചു.

5. പുതിയ അപേക്ഷകർ സപ്ലിമെന്ററി ആയി വാർഡ് അടിസ്ഥാനത്തിൽ ഡി ആന്റ് ഒ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതാണെന്നും അറിയിച്ചു.

6. സമയ ബന്ധിതമായി ലൈസൻസ് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

2. റേഷൻകടകൾ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

റേഷൻ കടയുടമകളിൽ നിന്ന് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കാനുള്ള നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു.

3. വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ ഉപയോഗ തരം ശ്രദ്ധിക്കപ്പെടുന്നില്ല.

സഞ്ചയ പ്യൂരിഫിക്കേഷൻ വഴി പരിഹരിക്കുമെന്ന് അറിയിച്ചു.

തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വികസനപ്രവർത്തനങ്ങളുടെ മുൻഗണനയും സുതാര്യതയും ഉറപ്പുവരുത്താനുള്ള നിർദ്ദേശങ്ങൾ പാലിക്കാത്തത്.

2017-18 വാർഷിക പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾക്കായി വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം മാർച്ച് 9 ന് ചേരാൻ പഞ്ചായത്ത് ഭരണ സമിതിയോട് ശുപാർശ ചെയ്യാൻ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഫെബ്രുവരി 23 ലെ യോഗത്തിൽ തീരുമാനിക്കുന്നുണ്ട്. ഇതിനെ തുടർന്ന് മാർച്ച് 9 ന് ചേർന്ന വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗത്തിൽ തയ്യാറാക്കിയ നിർദ്ദേശങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിട്ടുണ്ട്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ വരുന്ന പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം പരിശോധിച്ചതിൽ വാർഷിക പദ്ധതി

തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കിയ 09.01.2017 ലെ ജി.ഒ (എം എസ്) 10/2017/ തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങളൊന്നും പാലിക്കാനായിട്ടില്ലായെന്ന് കാണുന്നു. ഗ്രാമ പഞ്ചായത്ത് അംഗം ശ്രീ.ചേക്കുട്ടി പന്തക്കൻ ചെയർമാനായി 09.12.2015 ന് 12ാം പദ്ധതി കാലയളവിൽ രൂപീകരിച്ച 25 അംഗ വർക്കിംഗ് ഗ്രൂപ്പ് തന്നെയാണ് നിലവിൽ പ്രവർത്തിക്കുന്നത്. 13ാം പദ്ധതി കാലയളവിലേക്ക് വർക്കിംഗ് ഗ്രൂപ്പ് പുന:സംഘടിപ്പിക്കാതെയും അംഗങ്ങളുടെ എണ്ണം പരിമിതപ്പെടുത്താതെയും അംഗങ്ങളുടെ മൂന്നിലൊന്ന് ക്വാറമില്ലാതെ യോഗം ചേർന്ന് തീരുമാനങ്ങളെടുത്തുമുള്ള വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

വികസന മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവരക്കണക്കുകൾ ബന്ധപ്പെട്ട സ്രോതസ്സുകളിൽ നിന്നും ശേഖരിച്ച് ആയത് ക്രോഡീകരിച്ച്, വിശകലനം ചെയ്താണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത്. പൊതുമരാമത്ത് വികസന രേഖയിൽ മുൻവർഷങ്ങളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും പ്രതിഫലിക്കുന്ന വിവരങ്ങളും പഞ്ചായത്ത് തല സ്ഥിതിവിവര കണക്കുകൾ, ജനസംഖ്യാ റിപ്പോർട്ട് എന്നിവയും സമന്വയിപ്പിച്ചുള്ള അവസ്ഥാ വിശകലനവും അതിനെ അടിസ്ഥാനമാക്കിയുള്ള സ്റ്റാറ്റസ് റിപ്പോർട്ടും തയ്യാറാക്കിയതിന്റെ പകർപ്പ് പരിശോധനക്ക് ലഭ്യമായിട്ടില്ല. മേഖല നേരിടുന്ന പ്രധാന വെല്ലുവിളികളും പോരായ്മകളും മെച്ചപ്പെടുത്താനുള്ള സാധ്യതകളും പ്രശ്ന പരിഹാരങ്ങളും ഉൾക്കൊള്ളുന്ന റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണോ പ്രോജക്ട് രൂപീകരണം നടത്തിയതെന്ന് വ്യക്തമല്ല. വിവിധ ഗ്രാമസഭകളിൽ നിന്നും വികസന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ലഭിച്ച നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ഗ്രാമപഞ്ചായത്ത് തല മുൻഗണനാ പട്ടിക തയ്യാറാക്കിയതിന്റെ രേഖ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്താനാകുന്നില്ല. ഗ്രാമ സഭകളിൽ നിർദ്ദേശിച്ചിട്ടുള്ള ശുപാർശകൾ പരിഗണിച്ചാണ് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കിയതെന്ന് ഉറപ്പുവരുത്താനുള്ള വികസന സെമിനാറിന്റെ മിനട്സും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഗ്രാമസഭകളിൽ നിന്നുമുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിച്ചതിന്റെ പഞ്ചായത്ത് തല മുൻഗണനാ പട്ടിക, വികസന സെമിനാർ മിനട്സ് എന്നിവ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി അംഗീകരിച്ച പ്രോജക്ടുകളും പരിശോധിച്ചതിൽ സൂക്ഷ്മ തലത്തിലുള്ള പ്രാദേശികാസൂത്രണ പ്രക്രിയയിലൂടെ വികസന പ്രവർത്തനങ്ങളുടെ മുൻഗണന നിശ്ചയിക്കുന്നതിനായുള്ള സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ലായെന്ന് വ്യക്തമാകുന്നു.

1.റോഡ്, നോൺ റോഡ് പ്രവൃത്തികളായി 22 പ്രോജക്ട് നിർദ്ദേശങ്ങളാണ് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയത്. റോഡ് നിർമ്മാണം, പുനരുദ്ധാരണ പ്രവൃത്തികളായി 13 ഉം റോഡിതര പ്രവൃത്തികളായി 6 ഉം ഊർജ്ജമേഖലയിൽ 3 എണ്ണവുമാണ് ഉൾപ്പെടുന്നത്. ഗ്രാമപഞ്ചായത്തിന് വിവിധ മേഖലകളിൽ സ്വാഭാവികമായും ഇടപെടാനുള്ള പ്രവർത്തനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നിർദ്ദേശങ്ങൾ അപര്യാപ്തവും അപൂർണ്ണവുമാണെന്ന് വ്യക്തമാണ്.

2. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി തൻവർഷത്തേക്കുള്ള പുതിയ പ്രോജക്ടുകളായി ഭരണ സമിതി അംഗീകാരത്തിനായി ശുപാർശ ചെയ്തത് 66 എണ്ണമാണ്. ഇതിൽ റോഡ് പ്രവൃത്തികളായുള്ളത് 61എണ്ണവും റോഡിതര പ്രവൃത്തികളായി 3 ഉം ഊർജ്ജമേഖലയിൽ 2 എണ്ണവുമാണ്. വിവിധ ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് വാർഡ് തലമുൻഗണനാ പത്രിക തയ്യാറാക്കാത്തതിനാൽ, വർക്കിംഗ് ഗ്രൂപ്പ്, വികസന സെനമിനാർ നിർദ്ദേശങ്ങളിൽ എത്രത്തോളം പരിശോധന നടന്നുവെന്ന് വ്യക്തമല്ല. മാത്രമല്ല റോഡ് കണക്റ്റിവിറ്റി പ്ലാൻ, മാപ്പ് തയ്യാറാക്കാനുള്ള നിർദ്ദേശം എന്നിവ നടപ്പിലാക്കാത്തതിനാൽ റോഡ് നിർമ്മാണം, പുനരുദ്ധാരണത്തിനായുള്ള പ്രോജക്ടുകളുടെ ആവശ്യകതയും മുൻഗണനകളും വ്യക്തമാകുന്നില്ല.

3. വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ച റോഡ് പ്രവൃത്തികളിൽ മമ്മുഹാജി റോഡിന്റെ സൈഡ് പ്രൊട്ടക്ഷൻ, പുളിക്കൽ മദ്രസ്സ കാടാക്കുളം റോഡ് കോൺക്രീറ്റിംഗ് മാത്രം ഉൾപ്പെടുമ്പോൾ 60 അധികം പ്രവൃത്തികളും സ്റ്റാൻഡിംഗ് കമ്മറ്റി നേരിട്ട് ഉൾപ്പെടുത്തിയതാണ്. പൊതുമരാമത്ത് വികസന മേഖലയിലെ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ച് പ്രോജക്ട് ആശയങ്ങൾ തയ്യാറാക്കാൻ ബാധ്യസ്ഥമായ വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശയില്ലാതെ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രോജക്ടുകൾ അംഗീകരിച്ചതിന്റെ അടിസ്ഥാനമെന്താണെന്ന് വിശദീകരിക്കേണ്ടതുണ്ട്. നോൺ റോഡിലും ഊർജ്ജ മേഖലയിലുമുള്ള നിർദ്ദേശങ്ങളിൽ അമ്പലവട്ടം ജി എൽ പി എസ് സ്റ്റേജ് കം ക്ലാസ്സ് റൂമിന്റെ പൂർത്തീകരണം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

4. വർക്കിംഗ് ഗ്രൂപ്പ് ഓരോ പ്രോജക്ടിന്റേയും വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതോടൊപ്പം അതിന്റെ പ്രായോഗികത, നിയമസാധുത, വിജയസാധ്യത തുടങ്ങിയ ഘടകങ്ങൾ ഗ്രൂപ്പ് ചർച്ച ചെയ്ത് ഉറപ്പ് വരുത്തുന്നതിന് മേൽനോട്ടമുണ്ടായിട്ടില്ല. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന്റെ മുന്നോടിയായി മേഖലാ വിഭജനത്തിന്റെ അടിസ്ഥാനത്തിൽ പ്രതീക്ഷിക്കുന്ന വിഭവസ്രോതസ്സുകൾ, പദ്ധതി അടങ്കൽ, മേഖലയിൽ വകയിരുത്തേണ്ട തുക, അനിവാര്യമായ ഇനങ്ങൾക്ക് വകയിരുത്തേണ്ട തുക എന്നിവ സംബന്ധിച്ച

ശുപാർശ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്ക് നൽകിയിട്ടില്ല. സ്റ്റാൻഡിംഗ് കമ്മറ്റിയുടെ മേൽനോട്ടത്തിൻ കീഴിൽ പ്രവർത്തിക്കുന്ന മറ്റ് വർക്കിംഗ് ഗ്രൂപ്പുകളായ കൃഷിയും അനുബന്ധമേഖലയും , മൃഗസംരക്ഷണവും ക്ഷീരവികസനവും, ചെറുകിട വ്യവസായം എന്നിവ തയ്യാറാക്കിയ പ്രോജക്ടുകൾ വെവ്വേറെയോ ഒന്നിച്ചോ പരിശോധിച്ച് അംഗീകരിച്ചതിന്റെ വിവരവും മിനുട്സിൽ ലഭ്യമല്ല.

5.പൊതുമരാമത്ത് വികസനമേഖലയിൽ അനിവാര്യമായും ഇടപെടേണ്ട പൊതുശ്മശാനങ്ങളുടെ സ്ഥാപനം, മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ടുള്ള സംസ്കരണ യൂണിറ്റ്, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ച പ്രധാന ജംഗ്ഷനുകളിൽ പബ്ലിക്ക് ടോയ് ലെറ്റുകൾ, അംഗനവാടികൾക്കെല്ലാം സ്വന്തം കെട്ടിടം, ഊർജ്ജമേഖലയിൽ സമ്പൂർണ്ണ വൈദ്യുതീകരണം പ്രവർത്തനം എന്നിവക്കൊന്നും പ്രോജക്ടുകൾ ശുപാർശ ചെയ്യാൻ സ്റ്റാൻഡിംഗ് കമ്മറ്റിക്കായിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ച് കിട്ടുന്നതുവരെയുള്ള ആസൂത്രണ നടപടികൾ ഫലപ്രദമായി നടത്തുന്നതിനുള്ള മുന്നൊരുക്കങ്ങളും ഇടപെടലുകളും നടത്തുന്നതിനും എല്ലാ രേഖകളും കൃത്യമായി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്കാവണം.

നിർവ്വഹണത്തിലെ അപാകതമൂലമുണ്ടായ അധികചെലവ്

1.ജലസേചന പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം ഈടാക്കിയത് തിരിച്ചടവാക്കണം (കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്)

പ്രോജക്ട് നമ്പർ 181/18 പെരുമ്പുഴ തോടിന്റെ ചിറ നിർമ്മാണത്തിന് വികസന ഫണ്ട് 2.25 ലക്ഷവും ഗുണഭോക്തൃ വിഹിതം 22500 രൂപയുമാണ് വകയിരുത്തിയത്. തോടിന്റെ നിലവിലുള്ള ചിറയുടെ അറ്റകുറ്റപണിയും അതിനോട് ചേർന്നുള്ള പുഴയുടെ പാർശ്വഭിത്തി സംരക്ഷണവുമാണ് പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരുന്നത്. പ്രവൃത്തി പൂർത്തിയാക്കി 199530 രൂപ മൂല്യ നിർണ്ണയം നടത്തി നികുതി തുകകളായി 15,567രൂപ കുറവ് ചെയ്ത ശേഷം 183,567 രൂപയാണ് ഗുണഭോക്തൃ സമിതി കൺവീനറായ മുഹമ്മദ് ഷറീഫിന് അനുവദിച്ചത്. (ബിൽ നമ്പർ 29/20.02.18 തുക :199530 രൂപ). നിയമപരമായി കുറവ് ചെയ്യേണ്ട 10% ഗുണഭോക്തൃ വിഹിതം 19953രൂപ ഈടാക്കാതെയാണ് ഗുണഭോക്തൃ സമിതി കൺവീനർക്ക് തുക അനുവദിച്ചതെങ്കിലും ഓഡിറ്റിൽ അപാകത ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ 05.10.2018 (രശീതി 118010104083) ന് തുക പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടവാക്കിയിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നുണ്ടായ അധിക ചെലവ് തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

2.നികുതി തുക കുറവ് ചെയ്യാത്തത് അടവാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ 34/18 ചെനക്കൽ അഴവളപ്പിൽ റോഡ് ടാറിംഗ് പ്രവൃത്തിക്ക് 2014 ലെ ഡി എസ് ആർ നിരക്കിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 10% ഓവർ ഹെഡ് ചാർജ് ഉൾപ്പെടുന്നുണ്ട്. തനത് ഫണ്ട് ഉപയോഗിച്ച് സ്പിൽ ഓവറായി പൂർത്തിയാക്കിയ പ്രവൃത്തിക്ക് 271410 രൂപ മൂല്യ നിർണ്ണയം നടത്തി വെൽഫയർ ഫണ്ട് 2714 രൂപ കുറവ് ചെയ്ത് 265982 രൂപ ഗുണഭോക്തൃ സമിതി കൺവീനറായ ടി.മുഹമ്മദ് കുട്ടിക്ക് അനുവദിച്ചിട്ടുണ്ട് (ചെക്ക് നമ്പർ 4930681തുക 271410 രൂപ). 30.06.2017 ന് മുമ്പ് പൂർത്തിയാക്കിയ പ്രവൃത്തികളിൽ വാറ്റ് ടി ഡി എസ് ആയി പിടിച്ച് അടവാക്കാനുള്ള ട്രഷറി ഡയരക്ടറുടെ 31.10.2017 ലെ E1 19461 സർക്കുലർ നിർദ്ദേശം പാലിക്കാത്തനതിനാൽ 13570 രൂപയും എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ പ്രൈസ് സോഫ്റ്റ് വെയറിൽ തെറ്റായി വന്ന 10% ഓവർ ഹെഡ് ചാർജ് 7.5 % ആയി പരിമിതപ്പെടുത്താനുള്ള ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം പാലിക്കാത്തതിനാൽ 6785 രൂപയും അധികചെലവുണ്ടായിരുന്നു. ഓഡിറ്റിൽ കണ്ടെത്തിയതിനെ തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ 05.10.2018 (രശീതി 118010104082) ന് 20355 രൂപ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടവാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിലുള്ള നികുതി തുക ബന്ധപ്പെട്ട ഹെഡിലേക്ക് അടവാക്കേണ്ടതാണ്.

വാർഷിക പദ്ധതി രൂപീകരണത്തിൽ ആസൂത്രണ നടപടിക്രമങ്ങൾ സുതാര്യവും കുറ്റമറ്റതുമാക്കാൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി സ്വീകരിക്കുന്ന നടപടികൾ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ വിശദീകരിക്കേണ്ടതാണ്. പദ്ധതി അംഗീകരിച്ചശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മറ്റിയായി ഫലപ്രദമായി പ്രവർത്തിച്ചിരുന്നെങ്കിൽ നിർവ്വഹണ ഘട്ടത്തിലുണ്ടായ അപാകതകൾ പരിഹരിക്കാൻ സാധിക്കുമായിരുന്നു.

## 3-2 എസ് സി മേഖലയിലെ പദ്ധതികൾ : രൂപീകരണത്തിലും നിർവ്വഹണത്തിലും അപാകതകൾ

എസ് സി വികസന മേഖലയുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച സ്റ്റാറ്റസ് റിപ്പോർട്ട് ,ഗ്രാമ പഞ്ചായത്തിലെ എസ് സി ജനവിഭാഗത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുന്നുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിൽ

പഞ്ചായത്തിലെ ഭൂരഹിത കുടുംബങ്ങൾ (29), ഭവനരഹിത കുടുംബങ്ങൾ (32),പൂർത്തീകരിക്കാത്ത വീടുകൾ (2), ഉപയോഗയോഗ്യമല്ലാത്ത കക്കൂസുകൾ (10), കക്കൂസ് ഇല്ലാത്ത വീടുകൾ (10), 6 മാസത്തിൽ കൂടുതൽ ജലക്ഷാമം നേരിടുന്നകുടുംബങ്ങൾ (75), പൂർണ്ണമായും ജലക്ഷാമം നേരിടുന്ന കുടുംബങ്ങൾ (15),തൊഴിലില്ലായ്മ എന്നിങ്ങനെ പരിഹാരം കാണേണ്ട പ്രശ്നങ്ങൾ കണ്ടെത്തി സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്.

എന്നാൽ മേൽ പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ പ്രോജക്ട് നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. 08.03.2017ലെ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗത്തിൽ എസ് സി മേഖലയിൽ 2017-18 ലേക്ക് എസ് സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്, മെറിറ്റോറിയൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, എസ് സി കുടുംബങ്ങൾക്ക് കക്കൂസ് പുനരുദ്ധാരണം, എസ് സി കുട്ടികളുടെ പഠനമുറി, ചീനിപ്പടി അമ്പലവട്ടം , എടരിക്കോട് പഞ്ചായത്ത് എസ് സി കോളനികളിലെ ഹൈമാസ്റ്റ് ലൈറ്റ് റിപ്പയറിംഗ് എന്നീ പ്രോജക്ടുകളാണ് നടപ്പിലാക്കാനായി വിഭാവനം ചെയ്തത്. എന്നാൽ മേഖലയിൽ നടപ്പിലാക്കിയ പ്രോജക്ടുകളിൽ അടിസ്ഥാന മേഖലയിൽ എസ് സി സങ്കേതങ്ങളിൽ ലൊ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (ചെലവില്ല),വൃദ്ധ ജനങ്ങൾക്ക് കട്ടിൽ 185/18, എസ് സി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് 210/18, മേൽക്കൂര പരിഷ്കരണം 54/18, പാർപ്പിടം വാസയോഗ്യമാക്കുക 214/18(ചെലവില്ല)എന്നിവയും , വിദ്യാർത്ഥികളുടെ പഠന സൗകര്യാർത്ഥം 8,9,10ക്ലാസ്സുകളിലെ സൈക്കിൾ വിതരണം 103/18, ലാപ്ടോപ്പ് വിതരണം 58/18, എസ് സി വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സിന് ധനസഹായം 60/18 എന്നിവയും, വിവാഹധനസഹായ (57/18)വുമാണ് ഉൾപ്പെടുത്തിയത്. നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(i) കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല.

പ്രോജക്ട് നമ്പർ 57/18വിവാഹ ധനസഹായം പ്രോജക്ടിൽ ആനുകൂല്യം നൽകിയ ശ്രീമതി മാധവി കണ്ണി എന്നിവരുടെ Community Certificate അപേക്ഷയുടെ കൂടെ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

(ii)സബ്സിഡി മാർഗ്ഗരേഖയിലും അധികരിച്ച് തുക നൽകി.

പ്രോജക്ട് നമ്പർ 60/18 എസ് സി വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സിന് ധനസഹായം പ്രോജക്ട് പ്രകാരം വിവിധ കോളേജുകളിൽ എഞ്ചിനീയറിംഗിനു പഠിക്കുന്ന 4 വിദ്യാർത്ഥികൾക്ക് 25000/- രൂപ വീതം ബിൽ നമ്പർ 03/18/17.11.17 വഴി 100000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18 ലെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ (എം.എസ്) നം. 80/2017/തസ്വഭവ തിയതി. 03.04.2017) ഖണ്ഡിക 11.8.2 പ്രകാരം എഞ്ചിനീയർ വിഭാഗത്തിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വർഷത്തിൽ നൽകാവുന്ന പരമാവധി സ്കോളർഷിപ്പ് തുക 20000 /- രൂപയാണെന്നിരിക്കെ 25000/- രൂപ നൽകിയതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് ലഭ്യമാക്കേണ്ടതാണ്. മാത്രവുമല്ല മേൽ പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയ വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. വിദ്യാർത്ഥികൾക്ക് 25000/- രൂപ വീതം സ്കോളർഷിപ്പ് നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത് . സബ്സിഡി മാർഗ്ഗരേഖയിലും അധികരിച്ച് സ്കോളർഷിപ്പ് തുക പ്രോജക്ടിൽ ഉൾപ്പെടുത്തിയത് പദ്ധതി രൂപീകരണത്തിലെ വീഴ്ചയാണ്. പദ്ധതി അംഗീകരിച്ച ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി (03.06.2017 ലെ III(1) നമ്പർ തീരുമാനം), ഭരണാനുമതി നൽകിയ ഭരണസമിതി, നിർവ്വഹണം നടത്തിയ അസി. സെക്രട്ടറി എന്നിവരാരും തന്നെ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയില്ല എന്ന് വ്യക്തമാവുന്നു. മേൽ കാര്യം കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/04.10.2018) സബ്സിഡി മാർഗ്ഗരേഖയിൽ മാറ്റം വന്നത് ശ്രദ്ധിക്കാതെ സ്കോളർഷിപ്പ് നൽകിയതുകൊണ്ട് വന്ന അപാകതയാണെന്നും തുക അടവാക്കുന്നതാണെന്നുമാണ് മറുപടി നൽകിയത്. സബ്സിഡി മാർഗ്ഗരേഖയിലും അധികരിച്ച് ചെലവഴിച്ച തുക 20000/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

(iii) ടെണ്ടർ നടപടി വിവരം, താരതമ്യ പത്രിക എന്നിവ ലഭ്യമാക്കിയില്ല

(a)പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് 58/18 എന്ന പ്രോജക്ട് പ്രകാരം 100000/- രൂപ അടങ്കലിൽ 'PENTAS Multi Branded Computer Mall' എന്ന സ്ഥാപനത്തിൽ നിന്നും 99400/-രൂപ ചെലവഴിച്ച് (ബിൽ നമ്പർ 04/18/16.01.2018) 4 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകി. തുടർന്ന് 19.01.2018 ലെ 19ാം നമ്പർ തീരുമാന പ്രകാരം ഭരണ സമിതി പ്രോജക്ട് ഭേദഗതി അംഗീകരിക്കുകയും 150000 രൂപ കൂടി അധികം വകയിരുത്തി പ്രോജക്ട് റിവൈസ് ചെയ്യുകയും പ്രോജക്ട് അടങ്കൽ 250000/- രൂപയാക്കുകയും ചെയ്തു . തുടർന്ന് 149100/- രൂപ (ബിൽ നമ്പർ 07/17-18/28.03.2018) ചെലവഴിച്ച് 6 വിദ്യാർത്ഥികൾക്കു കൂടി ലാപ്ടോപ്പ് വാങ്ങി നൽകി. പ്രോജക്ടിനായി ടെണ്ടർ നടപടി സ്വീകരിച്ചതിന്റെ വിവരം, താരതമ്യ പത്രിക എന്നിവ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്. മേൽ കാര്യം കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്.

ആയത് ലഭ്യമാക്കുന്നതു വരെ ചെലവ് തുക 248500/-രൂപ തടസ്സത്തിൽ വെക്കുന്നു.

(b)വൃദ്ധ ജനങ്ങൾക്ക് കട്ടിൽ 185/18 പ്രോജക്ട് പ്രകാരം മേലങ്ങാടി ടിമ്പേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും 60 ഗുണഭോക്താക്കൾക്ക് കട്ടിൽ വാങ്ങി നൽകിയിട്ടുണ്ട്.(ബിൽ നമ്പർ 06/17-18/28.03.2018 തുക 260400/-). ടി പ്രോജക്ടിനായി ടെണ്ടർ നടപടി സ്വീകരിച്ചതിന്റെ വിവരം ടെണ്ടർ നോട്ടീസ്, താരതമ്യ പത്രിക എന്നിവ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. മേൽ കാര്യം കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. ആയത് ലഭ്യമാക്കുന്നതു വരെ ചെലവ് തുക 260400/-/-രൂപ തടസ്സത്തിൽ വെക്കുന്നു.

(iv) എസ് സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - പദ്ധതി രൂപീകരണം, നിർവ്വഹണം എന്നിവയിൽ അപാകതകൾ

എസ് സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് 210/18 പ്രോജക്ട് ,19.01.2018 ന് ഭരണസമിതി അംഗീകരിച്ച ഭേദഗതി പ്രകാരം (19ാം നമ്പർ തീരുമാനം)പുതുതായി രൂപീകരിച്ച പ്രോജക്ടാണ്. ഭേദഗതി നിർദ്ദേശങ്ങൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയോ , വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അനുമതി നൽകുകയോ ചെയ്തിട്ടില്ല.

4,02,000/- രൂപയുടെ അടങ്കലിൽ രൂപീകരിച്ച പ്രോജക്ടിനായി, 20.03.2018 ലെ ടെണ്ടർ നോട്ടീസ് പ്രകാരം 21.03.2018 മുതൽ ആരംഭിച്ച ടെണ്ടർ 27.03.2018 ന് അവസാനിച്ചു. 27.03.2018 ന് ടെണ്ടർ സമർപ്പിച്ച 3 പേരിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത പിയർ സ്പോട്ട് എന്ന കമ്പനിക്ക് 134 വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിന് മൂന്നു ദിവസം വേണ്ടി വരുമെന്നതിനാൽ തൊട്ടടുത്ത നിരക്ക് ക്വാട്ട് ചെയ്ത റിവർടെക്ക് വാട്ടർ സൊല്യൂഷൻ എന്ന സ്ഥാപനവുമായി നെഗോഷിയേഷൻ വഴി തുക കുറച്ച് 28.03.2018 ന് കരാർ ചമക്കുകയും അന്നേ ദിവസം തന്നെ വാട്ടർ ടാങ്കുകൾ വിതരണം നടത്താൻ ആവശ്യപ്പെടുകയും ചെയ്തു. ആയതിന്റെ പേയ്മെന്റ് 398650/- രൂപ ബിൽ നമ്പർ 08/18/28.03.2018(298987/-), ചെക്ക് നമ്പർ 4053121/31.03.2018(99663/-) എന്നിവ വഴി നൽകി. 2017-18 ലെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ (എം.എസ്) നം. 80/2017/തസ്വഭവ തിയതി. 03.04.2017) ഖണ്ഡിക 2-7 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമം മാർഗ്ഗരേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ ജി.ഒ(പി) 259/2010/തസ്വഭവ തിയതി.08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരമായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാമർശിത മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ മതിപ്പ് വില 25000 രൂപക്ക് മുകളിലും 100000 രൂപക്ക് താഴെയുമുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടറും 100000 രൂപക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടറും ബാധകമാണ്. 402000/- രൂപ അടങ്കൽ തുക വരുന്ന ഈ പ്രോജക്ടിന് ഓപ്പൺ ടെണ്ടർ നടപടികളാണ് സ്വീകരിക്കേണ്ടത്. എന്നാൽ വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് പത്രത്തിലും മലയാളം പത്രത്തിലും പരസ്യം നൽകേണ്ടതാണെന്ന ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചല്ല പർച്ചേസ് നടത്തിയിട്ടുള്ളത്.

പ്രോജക്ട് പ്രകാരം 134 കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകിയിട്ടുണ്ട്.നിലവിൽ വാട്ടർ ടാങ്ക് ഇല്ലാത്തവർക്കാണ് മേൽ പ്രോജക്ട് പ്രകാരം വാട്ടർ ടാങ്ക് വാങ്ങി നൽകേണ്ടത്. എന്നാൽ ആയത് സംബന്ധിച്ച സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. ഗുണഭോക്താക്കളിൽ ചിലരെ ഫോൺ വഴി ബന്ധപ്പെട്ടതിൽ അവർക്ക് മുൻപ് ടാങ്ക് ഉണ്ടായിരുന്നു എന്നാണ് അറിഞ്ഞത്.(ശ്രീമതി ശാന്ത(3ാം വാർഡ്), ശ്രീ അയ്യപ്പൻ (4ാം വാർഡ്) ശ്രീമതി ഷൈനി.ടി (5ാം വാർഡ്)). പ്രോജക്ടിനായി ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തപ്പോൾ മാനദണ്ഡങ്ങൾ പാലിച്ചില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്. മേൽ കാര്യം കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രോജക്ട് നിർവ്വഹണത്തിന് സമയം കുറവായതിനാലാണ് അപാകത സംഭവിച്ചതെന്നാണ് മറുപടി ലഭ്യമാക്കിയത്. ആയത് അംഗീകരിക്കാവുന്നതല്ല. സർക്കാരിന്റെ മാർഗ്ഗരേഖ പാലിച്ചുകൊണ്ട് പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-3 ദേശീയ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ വീഴ്ചകൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ 2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ 37 പ്രവൃത്തികൾ മാത്രമാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. എം ഐ സിയിൽ രേഖപ്പെടുത്തിയ വിവരങ്ങൾ പ്രകാരം മേൽ പ്രവൃത്തികൾക്കായി മൊത്തം 1975369/- രൂപ തൊഴിലാളികളുടെ വേതനമിനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രവൃത്തികളിലൊന്നും തന്നെ മെറ്റീരിയൽ വർക്ക് വരുന്നില്ല. പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അടങ്കൽ തുക | തൊഴിലാളികളക്ക കൂലിയിനത്തിൽ നൽകിയ തുക |
|---|---|---|---|
| 1 | ഹരിത കേരളം വൃക്ഷ തൈ വെച്ച് പിടിപ്പിക്കൽ പൊതുസ്ഥലത്ത് (വാർഡ്3) | 33000 | 1290 |

| | | | |
|---|---|---|---|
| 2 | കൃഷി വകുപ്പുമായി സംയോജിച്ച് കാർഷിക പ്രവൃത്തികൾക്ക് നിലം ഒരുക്കൽ(വാർഡ് 1) | 90000 | 66246 |
| 3 | കൃഷി വകുപ്പുമായി സംയോജിച്ച് കാർഷിക പ്രവൃത്തികൾക്ക് നിലം ഒരുക്കൽ(വാർഡ് 2) | 90000 | 86886 |
| 4 | മഴക്കുഴി നിർമ്മാണം( വാർഡ് 2) | 61000 | 58377 |
| 5 | മഴക്കുഴി നിർമ്മാണം( വാർഡ് 10) | 45000 | 37844 |
| 6 | സർക്കാർ തലത്തിൽ ലഭിക്കുന്ന ഭവന നിർമ്മാണങ്ങളുടെ അവിദഗ തൊഴിൽ സഹിയ W/o അബ്ദുസലാം | 23220 | 7224 |
| 7 | കൃഷി വകുപ്പുമായി സംയോജിച്ച് കാർഷിക പ്രവൃത്തികൾക്ക് നിലം ഒരുക്കൽ(വാർഡ് 3) | 90000 | 85738 |
| 8 | മഴക്കുഴി നിർമ്മാണം( വാർഡ് 3) | 40000 | 38116 |
| 9 | കൃഷി വകുപ്പുമായി സംയോജിച്ച് കാർഷിക പ്രവൃത്തികൾക്ക് നിലം ഒരുക്കൽ(വാർഡ് 5) | 90000 | 57162 |
| 10 | കൃഷി വകുപ്പുമായി സംയോജിച്ച് കാർഷിക പ്രവൃത്തികൾക്ക് നിലം ഒരുക്കൽ(വാർഡ് 6) | 90000 | 63629 |
| 11 | കൃഷി വകുപ്പുമായി സംയോജിച്ച് കാർഷിക പ്രവൃത്തികൾക്ക് നിലം ഒരുക്കൽ(വാർഡ് 7) | 90000 | 58917 |
| 12 | കൃഷി വകുപ്പുമായി സംയോജിച്ച് കാർഷിക പ്രവൃത്തികൾക്ക് നിലം ഒരുക്കൽ(വാർഡ് 8) | 90000 | 82583 |
| 13 | കൃഷി വകുപ്പുമായി സംയോജിച്ച് കാർഷിക പ്രവൃത്തികൾക്ക് നിലം ഒരുക്കൽ(വാർഡ് 10) | 90000 | 42054 |
| 14 | കൃഷി വകുപ്പുമായി സംയോജിച്ച് കാർഷിക പ്രവൃത്തികൾക്ക് നിലം ഒരുക്കൽ(വാർഡ് 11) | 90000 | 82818 |
| 15 | കൃഷി വകുപ്പുമായി സംയോജിച്ച് കാർഷിക പ്രവൃത്തികൾക്ക് നിലം ഒരുക്കൽ(വാർഡ് 12) | 90000 | 10836 |
| 16 | കൃഷി വകുപ്പുമായി സംയോജിച്ച് കാർഷിക പ്രവൃത്തികൾക്ക് നിലം ഒരുക്കൽ(വാർഡ് 13) | 90000 | 86312 |
| 17 | കൃഷി വകുപ്പുമായി സംയോജിച്ച് കാർഷിക പ്രവൃത്തികൾക്ക് നിലം ഒരുക്കൽ(വാർഡ് 14) | 90000 | 86182 |
| 18 | കൃഷി വകുപ്പുമായി സംയോജിച്ച് കാർഷിക പ്രവൃത്തികൾക്ക് നിലം ഒരുക്കൽ(വാർഡ് 15) | 90000 | 85486 |
| 19 | കൃഷി വകുപ്പുമായി സംയോജിച്ച് കാർഷിക പ്രവൃത്തികൾക്ക് നിലം ഒരുക്കൽ(വാർഡ് 16) | 90000 | 80855 |
| 20 | കൃഷി വകുപ്പുമായി സംയോജിച്ച് കാർഷിക പ്രവൃത്തികൾക്ക് നിലം ഒരുക്കൽ(വാർഡ് 4) | 90000 | 83369 |
| 21 | മഴക്കുഴി നിർമ്മാണം( വാർഡ് 4) | 45000 | 42874 |
| 22 | ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം(വാർഡ് 4) | 200000 | 84119 |
| 23 | മഴക്കുഴി നിർമ്മാണം( വാർഡ് 15) | 40600 | 38894 |
| 24 | ഹരിതകേരളം നഴ്സറി (വാർഡ് 1) | 229000 | 26100 |
| 25 | മഴക്കുഴി നിർമ്മാണം( വാർഡ് 9) | 78000 | 56803 |

| | | | |
|---|---|---|---|
| 26 | കൃഷി വകുപ്പുമായി സംയോജിച്ച് കാർഷിക പ്രവൃത്തികൾക്ക് നിലം ഒരുക്കൽ(വാർഡ് 9) | 90000 | 92622 |
| 27 | മഴക്കുഴി നിർമ്മാണം( വാർഡ് 6) | 78000 | 63383 |
| 28 | ഹരിത കേരളം പൊതുസ്ഥലത്ത് വൃക്ഷ തൈ വെച്ച് പിടിപ്പിക്കൽ | 30000 | 1290 |
| 29 | മഴക്കുഴി നിർമ്മാണം( വാർഡ് 14) | 78000 | 67065 |
| 30 | സർക്കാർ തലത്തിൽ ലഭിക്കുന്ന ഭവന നിർമ്മാണങ്ങളുടെ അവിദഗ്ദ തൊഴിൽ ( വാർഡ് 13)കുഞ്ഞയ്യ | 23220 | 15996 |
| 31 | ഹരിത കേരളം പൊതുസ്ഥലത്ത് വൃക്ഷ തൈ വെച്ച് പിടിപ്പിക്കൽ (വാർഡ്14) | 30000 | 1290 |
| 32 | ഹരിത കേരളം വൃക്ഷ തൈ വെച്ച് പിടിപ്പിക്കൽ പൊതുസ്ഥലത്ത് (വാർഡ് 15) | 30000 | 1032 |
| 33 | മഴക്കുഴി നിർമ്മാണം( വാർഡ് 1) | 61000 | 58386 |
| 34 | മഴക്കുഴി നിർമ്മാണം( വാർഡ് 16) | 78000 | 66008 |
| 35 | ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം(വാർഡ് 2) | 200000 | 94680 |
| 36 | ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം(വാർഡ് 3) | 200000 | 61613 |
| 37 | ഹരിത കേരളം പൊതുസ്ഥലത്ത് വൃക്ഷ തൈ വെച്ച് പിടിപ്പിക്കൽ (വാർഡ്4) | 30000 | 1290 |
| | ആകെ | | 1975369 |

മേൽ പ്രവൃത്തികളിൽ 28 പ്രവൃത്തികളുടെ പൂർത്തീകരണ വിവരം എം ഐ സിയിൽ ചേർത്തിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അനുസരിച്ചുള്ള മൂല്യനിർണ്ണയ രേഖ, അളവു പുസ്തകം എന്നിവ ഒന്നും തന്നെ എഴുതി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തികളുമായി ബന്ധപ്പെട്ട് സൈറ്റ് ഡയറിയിൽ വേതനഘടകം, സാധന ഘടകം,സൈറ്റ് ഫെസിലിറ്റീസ് എന്നിവ ഉൾപ്പെടുന്ന പദ്ധതിച്ചെലവ് വിവരം, വിജിലൻസ് ആന്റ് മോണിറ്ററിംഗ് വിഭാഗത്തിലുൾപ്പെടുന്നവരുടെ പേര്,സ്ഥാനം ,ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഫലത്തിൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സൂപ്പർവിഷനും അളവ് രേഖപ്പെടുത്താനും ചുമതലപ്പെട്ട അധികാരികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല തൊഴിലാളികൾക്ക് കൂലിയിനത്തിൽ തുക വിതരണം ചെയ്തിട്ടുള്ളത്. ബില്ലുകൾ, എം ബുക്ക് എന്നിവ ഓവർസിയർ എഴുതി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തികളുടെ വിവരം ബ്ലോക്ക് അസി. എഞ്ചിനീയർ പരിശോധനക്ക വിധേയമാക്കി അംഗീകരിക്കാതെ തന്നെ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIC) യിൽ ചേർക്കുകയും തൊഴിലാളികൾക്ക് വേതനം നൽകുകയും ചെയ്തിട്ടുണ്ട്.

121 തൊഴിലാളികളാണ് 2017-18 ൽ ഉണ്ടായിരുന്നത്. 7555 മനുഷ്യദിനങ്ങളാണ് പഞ്ചായത്ത് നൽകിയത്. 33 കുടുംബങ്ങൾക്കാണ് 100 തൊഴിൽ ദിനം നൽകാനായത്.

2017-18 വർഷത്തിൽ 37 പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിലും, മെയ് മാസം മുതൽ മാർച്ച് വരെയും തുടർന്നുവന്ന ഓവർസിയർ നാളിതുവരെയായി ഒരു ബില്ലുപോലും എഴുതി പൂർത്തീകരിച്ചിട്ടില്ലായെന്നത് ഗുരുതരമായ വീഴ്ചയാണ്. അസി.സെക്രട്ടറി, സെക്രട്ടറി തുടങ്ങി ഉത്തരവാദപ്പെട്ട മേലുദ്യോഗസ്ഥരുടെ നിയന്ത്രണവും മേൽനോട്ടവും ഇല്ലാത്തതുകൊണ്ടാണ് വിഴ്ച സംഭവിച്ചതെന്ന് മനസ്സിലാക്കുന്നു. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9 / 05.10.2018) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പൂർത്തിയാക്കി ലഭ്യമാക്കുന്നതു വരെ ചെലവു തുക 1975369/- രൂപ തടസ്സത്തിൽ വെക്കുന്നു .

## 3-4 ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം ചെയ്ത പ്രോജക്ടുകൾ - പൊതു അപാകതകൾ

2017-18 വർഷത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം ചെയ്ത പ്രോജക്ടുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകൾ.

2017-18 ലെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ (എം.എസ്) നം. 80/2017/തസ്വഭവ തിയതി. 03.04.2017) ഖണ്ഡിക 2-7 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമം, മാർഗ്ഗരേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ ജി.ഒ(പി) 259/2010/തസ്വഭവ തിയതി.08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരമായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാമർശിത മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ മതിപ്പ് വില 25000 രൂപക്ക് മുകളിലും 100000 രൂപക്ക് താഴെയുമുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടറും 100000 രൂപക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടറും ബാധകമാണ്. പ്രോജക്ട് നമ്പർ 179/2018(അംഗൻവാടികളിൽ സൗകര്യം ഒരുക്കുക) പ്രകാരം അംഗൻവാടികളിലേക്ക് 168000 രൂപയുടെ കളിയുപകരണങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുകയും 140240/- രൂപയുടെ കളിയുപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് പത്രത്തിലും മലയാളം പത്രത്തിലും പരസ്യം നൽകേണ്ടതാണെന്ന ഓപ്പൺ ടെണ്ടർ നടപടിക്രമം പാലിച്ചിട്ടില്ല. ലഭിച്ച 2 ടെണ്ടറുകളിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ United Book Palace എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് ഉപകരണങ്ങൾ വാങ്ങുകയുമാണ് ചെയ്തിട്ടുള്ളത്. അപാകതകക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/04.10.2018)സാമ്പത്തിക വർഷാവസാനം പദ്ധതി നിർവ്വഹണം വളരെ പെട്ടെന്ന് ചെയ്ത് തീർക്കേണ്ടി വന്നതുകൊണ്ട് സംഭവിച്ച അപാകതയാണെന്ന മറുപടിയാണ് നൽകിയത്. പദ്ധതി നിർവ്വഹണത്തിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. പാർട്ട് പേയ്മെന്റിന് പുതിയ ബിൽ ഉപയോഗിക്കുന്നു.

അംഗൻവാടികളിലേക്ക് ലഭ്യമാക്കിയ പോഷകാഹാരത്തിന് തുക നൽകുമ്പോൾ ആവശ്യത്തിന് ഫണ്ട് ലഭ്യമല്ലാത്തതിനാൽ വ്യത്യസ്ത തവണകളിലായി തുക നൽകേണ്ടതായി വന്നിട്ടുണ്ട്. ഭാഗികമായി പേയ്മെന്റ് നടത്തിയതിനു ശേഷവും അവശേഷിക്കുന്ന തുക നൽകുമ്പോഴും മുഴുവൻ തുകക്കുള്ള പുതിയ ബിൽ ഹാജരാക്കുന്നുണ്ട്. അതായത് ഒരേ ക്ലെയിമിന് ഒന്നിലധികം വ്യത്യസ്ത നമ്പറിലുള്ള ക്യാഷ് ബില്ലുകൾ ഹാജരാക്കുന്നു. ആയത് ശരിയായനടപടി അല്ല. പേയ്മെന്റ് നടത്തുന്ന തുകക്കുള്ള ബില്ലുകൾ ലഭ്യമാക്കി തുക പാസ്സാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. 400000/- രൂപയുടെ ബില്ലിൽ 417200 രൂപയുടെ വിതരണവിവരം

ചെക്ക് നമ്പർ 4942261/09.02.2018 പ്രകാരം 400000/-(ബ്ലോക്ക് വിഹിതം) രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ലഭ്യമാക്കിയ വൗച്ചറുകൾ പ്രകാരം ആയതിന്റെ വിതരണ വിവരം താഴെ ചേർക്കുന്നു.

1.അമൃതം ന്യൂട്രി മിക്സ് ബിൽ നമ്പർ 654/04.11.2017 : 19143

2. അമൃതം ന്യൂട്രി മിക്സ് ബിൽ നമ്പർ 791/12.12.2017 : 68001

3. സബല പൊടി ബിൽ നമ്പർ 02/11.01.2018 : 49737

4. സബല പൊടി ബിൽ നമ്പർ 792/12.12.2017 : 49737

5. ഫ്യുവൽ ആന്റ് കോണ്ടിമെന്റ് ചാർജ്ജ് : 42623

6.മാവേലി ബിൽ നമ്പർ 17431/28.10.2017 : 181704

7.ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് : 6255

ആകെ :417200

മേൽ ബില്ലുകൾ പ്രകാരമുള്ള ഭക്ഷണസാധനങ്ങൾ അംഗൻവാടികളിൽ വിതരണം ചെയ്തിട്ടുമുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കില്ലെന്ന മറുപടിയാണ് നൽകിയത്

4 അംഗൻവാടികളുടെ ALMSC മീറ്റിംഗ് തീരുമാനങ്ങൾ നടപ്പിലാവുന്നില്ല

ഗ്രാമ പഞ്ചായത്തിൽ ആകെ 23അംഗൻവാടികൾ ഉള്ളതിൽ 14 അംഗൻ വാടികൾക്കു മാത്രമാണ് സ്വന്തമായി കെട്ടിടം ഉള്ളത്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 6അംഗൻ വാടികളുണ്ട്. സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പ് സ്റ്റാറ്റസ്

റിപ്പോർട്ടിൽ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ വിശകലനം ചെയ്തിട്ടില്ല.

2017-18 വർഷത്തിൽ അംഗൻവാടികളുടെ നവീകരണത്തിനായി 4 പ്രോജക്ടുകൾ രൂപീകരിച്ചെങ്കിലും ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. വരും വർഷങ്ങളിൽ ആവശ്യമായ ഫണ്ട് വകയിരുത്തി നവീകരണ പ്രവൃത്തികൾ നടത്തുന്നതിന് പ്രോജക്ടുകൾ രൂപീകരിക്കാൻ മുൻഗണന നൽകേണ്ടതാണ്.

2017-18 വർഷത്തിൽ കൂടിയ അംഗൻവാടികളുടെ വെൽഫെയർ ആന്റ് മോണിറ്ററിംഗ് സമിതി മീറ്റിംഗ് മിനുട്സ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് എന്നിവ പരിശോധിച്ചതിൽ, മീറ്റിംഗിൽ ഉന്നയിക്കുന്ന ആവശ്യങ്ങളൊന്നും തന്നെ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുന്നില്ലെന്ന് കാണുന്നു. സെന്റർ നമ്പർ 17 ചെറുശ്ശോലയിൽ 2017 ജൂൺമാസം മുതലുള്ള മീറ്റിംഗുകളിൽ അംഗൻവാടിയിലെ ചോർച്ച പരിഹരിക്കണമെന്ന് ആവശ്യപ്പെടുന്നുണ്ട്.എന്നാൽ നാളിതു വരെയായി ഈ പ്രശ്നം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയോ പരിഹാരം കാണുകയോ ചെയ്തിട്ടില്ല. അംഗൻവാടി മോണിറ്ററിംഗ് ആന്റ് വെൽഫെയർ കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 മരുന്ന് വാങ്ങൽ - തുക മുൻകൂറായി നൽകി എങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ആരോഗ്യം)നിർവ്വഹണ ഉദ്യോഗസ്ഥനായി പരിരക്ഷ (SO100/18), പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ (SO3/18) എന്നീ പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി 2017-18വർഷത്തിൽ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള തുകകൾ KMSCLന് നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് | തുക | ട്രഷറി ബിൽ നമ്പർ/തീയതി |
|---|---|---|---|
| 1 | പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ | 3,00,000 | 4/25-9-17 |
| 2 | പരിരക്ഷ | 2,40,825 | 26/3-4-18 |

ആയതിന്റെ വിശദ വിവരങ്ങൾ പരിശോധിച്ചതിൽ ക്രമ നമ്പർ (1) പ്രകാരം നൽകിയ തുകയിൽ ചുവടെ കൊടുത്തിരിക്കും പ്രകാരം 2,35,184 രൂപക്കുള്ള മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളതായി കാണുന്നുള്ളൂ.

| തുക | ഇൻവൊയ്സ് നമ്പർ/തീയതി |
|---|---|
| 1,11,946 | 4739/27-10-17 |
| 7,548 | 5485/22-11-17 |
| 71,566 | 5477/22-11-17 |
| 44,124 | 1257/30-4-18 |

ക്രമ നമ്പർ (2) പ്രകാരം നൽകിയ തുകയിൽ മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല.

മേൽ പരാമർശിച്ച പ്രകാരം നൽകിയ തുകകൾക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ/തീയതി:11/4-10-18) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പട്ടികയിൽ ക്രമ നമ്പർ 1,2എന്നിവ പ്രകാരം നല്കിയ തുകക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടുണ്ടോ എന്ന വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ അറിയിക്കേണ്ടതും ആയത് പൂർണ്ണമായി ലഭിച്ചിട്ടില്ലെങ്കിൽ അവശേഷിക്കുന്ന തുകക്കുള്ള മരുന്നുകൾ ലഭിക്കുന്നതിനാവശ്യമായ തുടർ നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥൻ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്. അവശേഷിക്കുന്ന മരുന്നുകളുടെ തുക 305641 രൂപ (64816+240825)താൽക്കാലികമായി തടസ്സം ചെയ്യുന്നു.

## 3-6 തുല്യതാ പരീക്ഷ – ഗുണഭോക്തൃ ലിസ്റ്റിന് പഞ്ചായത്ത് ഭരണ സമിതി അംഗീകാരം നൽകുന്നില്ല

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ "തുല്യതാ പരീക്ഷ"എന്ന പ്രൊജക്ട് (SO114/18)പ്രകാരം 2017-18 വർഷത്തിൽ എടരിക്കോട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ പെട്ട 13 ഗുണഭോക്താക്കൾക്ക് പത്താം തരം തുല്യതാ പരീക്ഷ എഴുതാൻ

സാക്ഷരതാ മിഷനിൽ രജിസ്റ്റർ ചെയ്യുന്നതിനും കോഴ്സ് ഫീക്കുമായി 22,750രൂപ തനത് ഫണ്ടിൽ നിന്ന് പിൻവലിച്ച് സാക്ഷരതാ മിഷനിൽ അടവാക്കിയിട്ടുണ്ട് ( Try. Cheque No/Date: 4930699/28-3-18). ആയതിന്റെ ചെലവുവിവരങ്ങൾ പരിശോധിച്ചതിൽ മേൽ ഗുണഭോക്താക്കളെ ഗ്രാമസഭയോ പഞ്ചായത്ത് ഭരണ സമിതിയോ അംഗീകരിച്ചതായി കാണുന്നില്ല.

ത.സ്വ.ഭ.വ.സ്ഥാപനങ്ങൾ മുഖേന നൽകുന്ന വിവിധആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്താക്കളെ ഗ്രാമ സഭയിലൂടെ തെരഞ്ഞെടുത്ത് ആയതിന് പഞ്ചായത്ത് ഭരണസമിതി അംഗീകാരം നൽകിയതിന് ശേഷം മാത്രമേ വിവിധ പ്രൊജക്ടുകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ പ്രസ്തുത ലിസ്റ്റുകളിൽ പെട്ട ഗുണഭക്താക്കൾക്ക് അനുവദിക്കാവൂ. എന്നാൽ മേൽ പ്രൊജക്ട് പ്രകാരം ആനുകൂല്യം അനുവദിക്കപ്പെട്ട 13പേർ പഞ്ചായത്തിന്റെ നിയമാനുസൃതമായ അംഗീകാരം ലഭിക്കാത്തവരാണ്.

ഗുണഭോക്താക്കളെ അംഗീകരിക്കുന്നതിനുള്ള പ്രാഥമിക അധികാരം ഗ്രാമസഭകൾക്കാണ് എന്നിരിക്കെ, അവിടെയൊന്നും ചർച്ച ചെയ്യപ്പെടാത്തവർക്ക് ഗ്രാമ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് ആനുകൂല്യം നൽകിയിരിക്കുന്നത് ക്രമ പ്രകാരമല്ല. ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതാണ്.

## 3-7 വിജയഭേരി - ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത ഇനത്തിൽ തുക ചെലവഴിച്ചു

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷത്തിൽ "വിജയഭേരി പദ്ധതി" (SO113/18) നടപ്പിലാക്കുന്നതിനായി തനത് ഫണ്ടിൽനിന്നും 20,000 രൂപ ചെലവഴിച്ചിട്ടുണ്ട്( ട്രഷറി ചെക്ക് നമ്പർ/തീയതി: 4053122/31-3-18). പഞ്ചായത്ത് പരിധിയിലുള്ള പി.കെ.എം.എം.ഹയർ സെക്കന്ററി സ്കൂൾ, ഗവ.ഹയർ സെക്കന്ററി സ്കൂൾ,പുതുപ്പറമ്പ് എന്നീ സ്ഥാപനങ്ങളിൽ എസ്.എസ്.എൽ.സി. പരീക്ഷയുടെ തയ്യാറെടുപ്പിനായി രാത്രികാല ക്ലാസ്സുകൾ നടത്തിയതിനാണ് ടി തുക (10,000 വീതം) ചെലവഴിച്ചിട്ടുള്ളത്.

വിവിധ തലങ്ങളിലുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ അധികാരങ്ങളും ചുമതലകളും കേരളാ പഞ്ചായത്ത്‌രാജ് നിയമത്തിലെ 196-ാം വകുപ്പ്, (1)-ാം ഉപവകുപ്പ് 3,4,5 പട്ടികകളിൽ വ്യക്തമാക്കിയിട്ടുണ്ട്.ആയത് പ്രകാരം വിദ്യാഭ്യാസ മേഖലയിൽ പ്രീ-പ്രൈമറി, പ്രൈമറി സ്കൂളുകളുടെ നടത്തിപ്പാണ് ഗ്രാമ പഞ്ചായത്തുകളുടെ ചുമതലയിൽ വരുന്നത്( മൂന്നാം പട്ടിക). സർക്കാർ ഹൈസ്കൂളുകൾ(അവയോടൊപ്പമുള്ള ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗങ്ങൾ ഉൾപ്പെടെ), സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾ എന്നിവയുടെ നടത്തിപ്പ് ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലാണ് വരുന്നത്( അഞ്ചാം പട്ടിക).

ആയത് പ്രകാരം മേൽ പരാമർശിച്ച ചെലവ് ഗ്രാമ പഞ്ചായത്തിന്റെയല്ല മറിച്ച് ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലാണ് വരുന്നത് എന്ന് കാണാം. ഇതുമായി ബന്ധപ്പെട്ട് 15-3-10ലെ 15003/DB1/10/LSGD നമ്പർ സർക്കാർ കത്ത് പ്രകാരം മലപ്പുറം ജില്ലയിലെ വിജയഭേരി പദ്ധതി ജില്ലയിലെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കിയുള്ള സമഗ്ര പദ്ധതി ആയതിനാൽ ടി പദ്ധതിക്കാവശ്യമായ ഫണ്ട് നീക്കിവെക്കാൻ ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതി നൽകുന്നതായി മലപ്പുറം ജില്ലാ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. നിർവ്വഹണം അപ്പോഴും ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലാണെന്ന് പ്രസ്തുത കത്തിൽ നിന്നും വ്യക്തമാണ്.

പഞ്ചായത്തീരാജ് നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി അനുവദനീയമായ മേഖലകളിൽ ഫണ്ട് ചെലവഴിക്കാൻ ഗ്രാമ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 3-8 പരിരക്ഷാ പദ്ധതി - മാർഗ നിർദ്ദേശം പാലിക്കപ്പെടുന്നില്ല

മെഡിക്കൽ ഓഫീസർ(ആരോഗ്യം) നിർവ്വഹണം നടത്തിയ " പരിരക്ഷ പദ്ധതി" (SO100/18)പ്രകാരം ആകെ 3,50,000രൂപ പ്ലാൻ ഫണ്ടിൽ നിന്നും 82,336രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായും 2017-18 വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. പരിശോധനക്ക് ഹാജരാക്കിയ Home Care Register പരിശോധിച്ചതിൽ തൻ വർഷത്തിൽ ആകെ 83 ദിവസങ്ങളിലായാണ് ഗൃഹ സന്ദർശനം നടത്തിയിട്ടുള്ളതെന്ന് കാണുന്നു. പാലിയേറ്റീവ് പരിചരണത്തിന് വേണ്ടിയുള്ള മാർഗരേഖ – സ.ഉ(ആർ.ടി)3217/15/LSGD, തീയതി: 29-10-15 പ്രകാരം(ഖണ്ഡിക 2.6.2(3)) ഒരു മാസത്തിൽ 16 ഗൃഹ സന്ദർശനം എങ്കിലും Home care team നടത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരിരക്ഷാ നഴ്സ് ഇല്ലാതിരുന്നതിനാൽ സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ Home care നടന്നിട്ടില്ലാത്തതിനാൽ അവ ഒഴികെയുള്ള 9 മാസങ്ങളിൽ മാർച്ച് ഒഴികെയുള്ള ഒരു മാസത്തിൽ പോലും 16 സന്ദർശനങ്ങൾ എടരിക്കോട് പഞ്ചായത്തിൽ Home care team നടത്തിയിട്ടില്ല.മാർച്ച് മാസത്തിൽ മാത്രം16 ദിവസങ്ങളിൽ ഗൃഹ സന്ദർശനം

നടത്തിയിട്ടുണ്ട്.

കിടപ്പിലായ രോഗികളുടെ പരിചരണത്തിനായുള്ള പരിരക്ഷാ പദ്ധതി മൂലമുള്ള പ്രയോജനം രോഗികൾക്ക് യഥാസമയം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഇത് സംബന്ധിച്ച മേൽനോട്ടം കാര്യക്ഷമമാക്കേണ്ടതാണ്.

## 3-9 വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നമ്പർ : 154/18 (വിട്ടു കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ)

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

ബിൽ നമ്പർ : 14/17-18/26.02.2018

തുക : 229691/-

മേൽ പ്രോജക്ട് പ്രകാരം അനുഗ്രഹമെറ്റൽസ് എന്ന സ്ഥാപനത്തിൽ നിന്നുംതാഴെ പറയുന്ന സാധനങ്ങൾ പർച്ചേസ് ചെയ്യുകയും സ്റ്റോക്കിൽ എടുക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | ഓഫീസ് ടേബിൾ | 5 | 119065+21432 (GST) |
| 2 | റിവോൾവിംഗ് ചെയർ | 10 | 48300+8694 (GST) |
| 3 | സറ്റീൽ അലമാര | 2 | 27288+4912 (GST) |
| | ആകെ | | 194653+35038 |

പ്രോജക്ട് പരിശോധിച്ചതിൽ വിട്ടുകിട്ടിയ ഏതെല്ലാം സ്ഥാപനങ്ങൾക്ക വേണ്ടിയാണ് സാധനങ്ങൾ പർച്ചേസ് ചെയ്തതെന്ന വ്യക്തമാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ റിക്വിസിഷൻ ഫയലിൽ ഇല്ല. പർച്ചേസ് ചെയ്ത സാധനങ്ങൾ വിതരണം ചെയ്തതായി കാണുന്നില്ല. പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രകാരം പർച്ചേസ് ചെയ്ത സാധനങ്ങൾ വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക വിതരണം ചെയ്ത് രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവ് തുക 229691/- രൂപ തടസ്സം ചെയ്യുന്നു.

## 3-10 ശമ്പള പരിഷ്കരണ കുടിശ്ശിക പണമായി പിൻവലിച്ചു

ജി ഒ(പി) നം. 72/2016/ഫിൻ തിയ്യതി 20.01.2016 നമ്പർ ഉത്തരവ് പ്രകാരം 01.07.2014 പ്രാബല്യത്തിൽ ശമ്പളം പരിഷ്കരിച്ചതിനെ തുടർന്ന് ജീവനക്കാർക്ക് അർഹമായ ശമ്പള കുടിശ്ശിക(01.07.2014 മുതൽ 01.01.2016 വരെ) നാലു ഗഡുക്കളായി01.04.2017,01.10.2017,01.04.2018,01.10.2018 തിയ്യതികളിൽ പണമായി ജീവനക്കാർക്ക് അനുവദിക്കുന്നതാണെന്ന് പറഞ്ഞിരുന്നു. എന്നാൽ 01.04.2017, 01.10.2017 തിയ്യതികളിൽ പണമായി ശമ്പള പരിഷ്കരണ കുടിശ്ശിക പിൻവലിച്ചിട്ടുണ്ടെങ്കിൽ ആയത് പ്രോവിഡന്റ് ഫണ്ടിൽ തിരിച്ചടക്കണമെന്ന് ജി ഒ(പി) 45/2017/ഫിൻ തിയ്യതി 09.04.2017, ജി ഒ (പി) നമ്പർ 128/2017/ഫിൻ തിയ്യതി 06.10.2017 നമ്പർ സർക്കാർ ഉത്തരവുകളിൽ നിർദ്ദേശിച്ചിരുന്നു. 31.10.2017 നള്ളിൽ ജി ഒ (പി) നമ്പർ 128/2017/ഫിൻ തിയ്യതി 06.10.2017നമ്പർ ഉത്തരവിലെ നിർദ്ദേശം പാലിക്കാത്ത ജീവനക്കാരിൽ നിന്നും തുക തിരിച്ചടക്കുന്ന കാലയളവു വരെ 12% പിഴപ്പലിശ ഈടാക്കാനും നിർദ്ദേശം ഉണ്ടായിരുന്നു. ശമ്പള പരിഷ്കരണ കുടിശ്ശികക്ക് അർഹരായ പഞ്ചായത്തിലെ ജീവനക്കാർക്ക് ഒന്നാം ഗഡു പണമായി നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നമ്പർ/തിയ്യതി | ജീവനക്കാരന്റെ പേര് | തുക |
|---|---|---|---|
| 1 | 06/17-18/06.04.2017 | പ്രശാന്ത് സി പി | 19468 |
| 2 | | ഷാനവാസ് സി കെ | 19770 |
| 3 | | അജയകുമാർ എൽ പി | 14042 |
| 4 | | ദിലീപ് കുമാർ പി പി | 39835 |
| 5 | | അജേഷ് എ | 7560 |

| | | | |
|---|---|---|---|
| 6 | | ഹരികൃഷ്ണൻ ടി സി | 3095 |
| 7 | 07/17-18/06.04.2017 | വിജയകമാർ | 21556 |

ശമ്പള പരിഷ്കരണ കുടിശ്ശിക പണമായി കൈപ്പറ്റിയ മേൽ ജീവനക്കാർ ടി തുക പ്രോവിഡന്റ് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/04.10.2018)മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

ജീവനക്കാർ കൈപ്പറ്റിയ ശമ്പള പരിഷ്കരണ കുടിശ്ശികക്ക് ആനപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല. ആയത് അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-11 വൗച്ചറുകളുടെ സൂക്ഷിപ്പിൽ അപാകത

പഞ്ചായത്തിലെ വൗച്ചറുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ബില്ലുകൾ ക്യാൻസൽ ചെയ്യുന്നില്ല

വൗച്ചറുകളുടെ കൂടെയുള്ള ബില്ലുകൾ സാക്ഷ്യപ്പെടുത്തുകയോ ക്യാൻസൽ ചെയ്യുകയോ ചെയ്തിട്ടില്ല.ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തിയ്യതി | തുക | ഇനം |
|---|---|---|---|
| 1 | 92/17-18/09.06.2017(17900 /-വിമുക്തി പദ്ധതി) | 1800/- | ലഘുഭക്ഷണം നൽകിയ ഇനത്തിൽ ഹാപ്പി ബേക്ക്സിന്റെ രൂപയുടെ ബിൽ |
| 2 | | 5600/- | ബാനർ,നോട്ടീസ് ഇനത്തിൽ ന്യൂ ഒറിജിനൽ പ്രസ്സിന്റെ ബിൽ |
| 3 | | 800/- | ഫോട്ടോ എടുത്ത വകയിൽ നാനോ സ്റ്റുഡിയോയുടെ ബിൽ |
| 4 | 97/17-18/15.06.2017 | 12500/- | എസ് എസ് എൽ സി , +2 ഉന്നത വിജയം നേടിയ കുട്ടികളെ ആദരിക്കൽ ചടങ്ങിനായി മൊമെന്റോ, ബാനർ വാങ്ങൽ ഒറിഗോ പ്രിന്റ്സിന്റെ ബിൽ |
| 5 | 98/17-18/15.06.2017 | 4190/- | പഞ്ചായത്ത് ഓഫീസിലെ പ്രിന്റർ,ടോണർ റീഫിൽ ചെയ്യൽ ആക്ടീവ് ഐ ടി സൊല്യൂഷൻസിന്റെ ബിൽ |

2. ചെലവു തുകകൾക്ക് കൈപ്പറ്റ് രശീതി ഇല്ല

വൗച്ചർ പ്രകാരം ചെലവഴിച്ച തുകകൾക്ക് കൈപ്പറ്റ് രശീതി ഇല്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തിയ്യതി | തുക | ഇനം |
|---|---|---|---|
| 1 | 92/17-18/09.06.2017(17900 /-വിമുക്തി പദ്ധതി) | 1800/- | ലഘുഭക്ഷണം നൽകിയ ഇനത്തിൽ ഹാപ്പി ബേക്ക്സിന്റെ രൂപയുടെ ബിൽ |
| 2 | | 5600/- | ബാനർ,നോട്ടീസ് ഇനത്തിൽ ന്യൂ ഒറിജിനൽ പ്രസ്സിന്റെ ബിൽ |
| 3 | | 800/- | ഫോട്ടോ എടുത്ത വകയിൽ നാനോ സ്റ്റുഡിയോയുടെ ബിൽ |
| 4 | | 7200/- | ഉച്ചഭക്ഷണത്തിനായി പി കെ എം എം ഫുഡ് പോയന്റിന്റെ ബിൽ |
| 5 | 97/17-18/15.06.2017 | 12500/- | എസ് എസ് എൽ സി , +2 ഉന്നത വിജയം നേടിയ കുട്ടികളെ ആദരിക്കൽ ചടങ്ങിനായി മൊമെന്റോ, ബാനർ വാങ്ങൽ ഒറിഗോ പ്രിന്റ്സിന്റെ ബിൽ |
| 6 | 137/17-18/29.06.17 | 2083/- | ഫോട്ടോസ്റ്റാറ്റ് മെഷീൻ ടോണർ മാറ്റിയത് കെ വി ആർ സിസ്റ്റത്തിന്റെ ബിൽ |
| 7 | 91/17-18/07.06.17 | 15000/- | WPNo 4326/2014 നമ്പർ കേസിന്റെ വക്കീൽ ഫീസ് ശ്രീ |

| | | | |
|---|---|---|---|
| | | | അവിനാശ് കെ ആർ എന്നവർക്ക നൽകുന്നതിനായി പിൻവലിച്ചത് |

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ ചെലവ് അംഗീകരിക്കുമ്പോൾ ചെലവുകൾക്കാധാരമായ എല്ലാ രേഖകളും ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

(iii) പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ വൈദ്യുത ചെലവുകൾക്കായി 2017-18 വർഷത്തിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തിയ്യതി | തുക |
|---|---|---|
| 1 | 26/28.04.2017 | 22329 |
| 2 | 63/19.05.2017 | 11118 |
| 3 | 121/16.06.2017 | 29861 |
| 4 | 174/11.07.2017 | 22604 |
| 5 | 212/19.08.2017 | 28586 |
| 6 | 277/11.09.2017 | 22650 |
| 7 | 363/16.10.2017 | 22604 |
| 8 | 425/10.11.2017 | 22604 |
| 9 | 482/13.12.2017 | 22604 |
| 10 | 543/17.01.2018 | 22604 |
| 11 | 598/09.02.2018 | 32597 |
| 12 | 652/12.03.2018 | 22604 |

തെരുവ് വിളക്ക് രജിസ്റ്റർ പരിശോധിച്ചതിൽ തെരുവു വിളക്കുകളുടെ എണ്ണം, ഇനം,തരം എന്നിവയൊന്നും രേഖപ്പെടുത്തിയതായി കാണുന്നില്ല. വൗച്ചറിന്റെ കൂടെ KSEB യുടെ ഡിമാന്റ് നോട്ടീസും ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ തെരുവു വിളക്കുകളുടെ എണ്ണം, ഇനം,തരം എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-12 ഒരേ ദിവസം ഒരേ സമയം ഒരേ വാഹനം ഉപയോഗിച്ചതിന് രണ്ട് തവണ വാഹന വാടക നൽകി

മെഡിക്കൽ ഓഫീസർ(ആരോഗ്യം) നിർവ്വഹണം നടത്തിയ" സമഗ്രാരോഗ്യ പദ്ധതി"എന്ന പ്രൊജക്ടിന്റെ(S009/18) ആവശ്യാർത്ഥം ( കുത്തിവെപ്പ്, മിഷൻ ഇന്ദ്രധനസ്സ്, മരുന്ന് വാങ്ങൽ) വാടകക്ക് എടുത്ത KL 10 D 1022 എന്ന നമ്പറിലുള്ള ജീപ്പ് വിവിധ ദിവസങ്ങളിലായി ഓടിയതിന് 600രൂപ നിരക്കിൽ വാടക നൽകിയിട്ടുണ്ട്( ഡ്രൈവർ:ശ്രീ ഇബ്രാഹിം, ലൈസൻസ് നമ്പർ: 55/1545/86). മേൽ വാഹനം ഒരേ ദിവസം ഒരേ സമയം രണ്ട് കാര്യങ്ങൾക്കായി ഉപയോഗിച്ചതിന് രണ്ട് തവണ വാടക നൽകിയതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തീയതി | ഉദ്ദേശ്യം | നൽകിയ വാടക | വൗച്ചർ നമ്പർ/തീയതി |
|---|---|---|---|---|
| 1 | 15-2-18 | a)കുത്തിവെപ്പ്, 9 AM-2 PM, അമ്പലവട്ടം ചെറുശ്ശോല അംഗൻവാടികൾ | 600 | 9/17-18, 15-2-18 |
| | | മിഷൻ ഇന്ദ്രധനസ്സ്, 9 AM-1PM,എടരിക്കോട്അംഗൻവാടി | 600 | 21/17-18, 15-2-18 |
| 2 | 22-2-18 | a)കുത്തിവെപ്പ്, 9 AM-2 PM, ചെറുശ്ശോല, ക്ളാരി സൗത്ത് അംഗൻവാടികൾ | 600 | 18/17-18, 22-2-18 |
| | | -ടി- | 600 | 12/17-18, 22-2-18 |
| 3 | 9-2-18 | മിഷൻ ഇന്ദ്രധനസ്സ്, 9 AM-1PM,ചുടലപ്പാറഅംഗൻവാടി | 600 | 19/17-18, 9-2-18 |
| | | മരുന്ന് എടുക്കുന്നതിന്, 9 AM-1PM, വേങ്ങര | 400 | 13/17-18,24-8-17 |

ഇപ്രകാരം ഒരേ വാഹനത്തിന് ഒരേ സമയത്ത് തന്നെ രണ്ട് തവണ വാടക നൽകാനിടയായതിന് വിശദീകരണംനൽകേണ്ടതാണ്എന്ന് നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

കുത്തിവെപ്പ്, മിഷൻ ഇന്ദ്രധനസ്സ്, മരുന്ന് വാങ്ങൽ എന്നിവ ഉൾപ്പെട്ടതാണ് " സമഗ്രാരോഗ്യ പദ്ധതി". ഈ പ്രവർത്തനങ്ങൾക്ക് എല്ലാമായിട്ടാണ് വാഹനം വാടകക്ക് എടുത്തിട്ടുള്ളത് എന്നിരിക്കെ, ഓരോ പ്രവർത്തനങ്ങൾക്കുമായി ഒരേ ദിവസം ഒരേ സമയം രണ്ട് തവണ വാടക നൽകിയത്എങ്ങനെയെന്ന് വ്യക്തമല്ല. അധികം നൽകിയ തുക 1600/- രൂപ (600+600+400)തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക് പഞ്ചായത്ത് | 240,000 | 96/18- നെൽകൃഷി വികസനം | 240,000 | 0 |
| | 4,00,000 | 94/18 - ന്യൂട്രീഷൻ പ്രോഗ്രാം | 4,00,000 | 0 |
| | 1,50,000 | 100/18 -പരിരക്ഷ | 82,236 | 67,764 |
| | 1,50,000 | 112/18 – സ്കോളർഷിപ്പ് | 1,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 1,25,000 | 112/18 – സ്കോളർഷിപ്പ് | 0 | 1,25,000 |
| ആകെ | 10,65,000 | | 8,72,236 | 192,764 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല

## 4-4 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ ലഭിച്ച 16,412/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2013-14, 2014-15 | 2-1 | 7282 | ശ്രീമതി. ഗിരിജ സി.കെ സെക്രട്ടറി | 117010105854 തിയതി: 08.01.2018 |
| 2013-14, 2014-15 | 2-5 | 4384 | ശ്രീ. വേണുഗോപാൽ എം.പി (സെക്രട്ടറി ഇൻ ചാർജ്) | 117010106118 തിയതി: 25.01.2018 |

| | | | | |
|---|---|---|---|---|
| 2013-14, 2014-15 | 2-5 | 4746 | ശ്രീമതി. ഗിരിജ സി.കെ സെക്രട്ടറി | 117010105854 തിയതി: 08.01.2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3(8) | 2007-08 | 3.8 | ക്ലാരി ഗവ. എൽ പി സ്കൂൾ ഏറ്റെടുക്കുന്നതിന് കളക്ടറുടെ Valuation പുറമേ 30% തുക അധികം നൽകിയത് (സൊലേഷ്യം) | നടപടികൾ തുടരുന്നു |
| 2011-12,12-13 | പൊതു അവലോകനം | 2014-15 | 4(1)(a) | നിഷ്ക്രിയ ആസ്തികൾ അവലോകനം | |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം.

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1997-98 | 48 | പി.ചന്ദ്രശേഖരൻ, സെക്രട്ടറി | LF 6537/ Spl.cell/SC1/2000 17.9.01/12.11.01 | 8800/- | Rs.6496 (29843/54 /Dt.12.5.06) Rs.2166 ( 29846/20 /Dt.17.06.06) Rs.2166 (29846/58 /Dt.12.07.06) Rs.2166 | -- | -- | -- | 12994 | 0 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | (29846/89 /Dt.22.7.06) ആകെ 12994 (നഷ്ട തുക 8800 രൂപയും പലിശയും) | | | | | |
| 1 | 2002-03 | 3 | ശ്രീ.കെ.എം കുഞ്ഞിമൊയ്തീൻ | LF 2993/Spl.Cell /SC5/04 /26.8.04 | 921/- | 921 (Rt 33676/43/ Dt 31.1.2011) | -- | -- | -- | 921 | 0 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 5,78,79,336 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,71,20,738 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 20,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 30,19,601 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 20000 | ശ്രീമതി. മിനി കെ കെ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | | 20,000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 2,48,500 | ശ്രീമതി. മിനി കെ കെ, അസിസ്റ്റന്റ് സെക്രട്ടറി |
| | 2,60,400 | ശ്രീമതി. മിനി കെ കെ, അസിസ്റ്റന്റ് സെക്രട്ടറി |

| | | |
|---|---|---|
| 3-3 | 10,24,710 | ശ്രീമതി. മിനി കെ കെ, അസിസ്റ്റന്റ് സെക്രട്ടറി |
| | 7224 | ശ്രീ.ബാസുര ദാസ് ജി.വി, സെക്രട്ടറി |
| | 900575 | ശ്രീ.അബ്ദുന്നാസർ,സെക്രട്ടറി |
| | 42,860 | ശ്രീമതി.ഷീല എൽ, സെക്രട്ടറി |
| 3-5 | 64816<br>240825 | ഡോ. രഞ്ജിത്ത്, മെഡിക്കൽ ഓഫീസർ (ആരോഗ്യം)<br>ഡോ. അബ്ദുൾ നാസർ, മെഡിക്കൽ ഓഫീസർ (ആരോഗ്യം) |
| 3-9 | 2,29,691 | ശ്രീ.അബ്ദുന്നാസർ, സെക്രട്ടറി |
| ആകെ | 30,19,601 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. മിനി കെ കെ, സെക്രട്ടറി ഇൻചാർജ് | സെക്രട്ടറി, തവനൂർ ഗ്രാമപഞ്ചായത്ത് | എടപ്പയിൽ വീട്, കെ. പുരം (പി.ഒ), താനാളൂർ (വഴി), മലപ്പുറം ജില്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | എൽ എഫ് എം.15/230/02 തിയ്യതി 25.08.10 | 4 |
| 2000-01 | എൽ എഫ് എം.17/209/02 തിയ്യതി 25.08.10 | 8 |
| 2002-03 | എൽ എഫ് എം.13/970/04 തിയ്യതി 20.08.10 | 5 |
| 2003-04 | എൽ എഫ് എം.17/510/05 തിയ്യതി 25.08.10 | 5 |

| | | |
|---|---|---|
| 2004-05 | എൽ എഫ് എം.10/1958/06 തിയ്യതി 25.08.10 | 1 |
| 2005-06 | എൽ എഫ് എം.10/1959/07 തിയ്യതി 25.08.10 | 15 |
| 2006-07 | എൽ എഫ് എം.10/590/09 തിയ്യതി 25.08.10 | 10 |
| 2007-08 | എൽ എഫ് എം.14/773/12 തിയ്യതി 28.09.12 | 7 |
| 2008-09 | എൽ എഫ് എം.14/774/12 തിയ്യതി 28.09.12 | 12 |
| 2009-10 | എൽ എഫ് എം.14/775/12 തിയ്യതി 28.09.12 | 12 |
| 2010-11 | എൽ എഫ് എം.14/1207/13 തിയ്യതി 30.11.13 | 7 |
| 2011-12,12-13 | എൽ എഫ് എം.14/3342/14 തിയ്യതി 14.07.15 | 10 |
| 2013-14,14-15 | കെ എസ് എ എം പി എം 14/2010/16 തിയ്യതി 03.08.16 | 17 |
| 2015-16 | കെ എസ് എ എം പി എം 14/3251/16 തിയ്യതി 07.1.17 | 13 |
| 2016-17 | കെ എസ് എ എം പി എം14/1341 /2017 തിയ്യതി 15-07-2017 | 17 |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം14/1089/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി 04/07/2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രജ് നിയമം - വകുപ്പ് 215 (6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എടരിക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം